The Kerala Land Development Bill, 1963

Minister for Food and Agriculture (**Shri E. P. Poulose**) : Sir, I move that the Kerala Land Development Bill, 1963 as reported by the Select Committee, be taken into consideration.

Minister for LawandRevenue (**Shri T. A. Thomman**) :

Sir, I second it.

ശ്രീ. കെ. കൃഷ്ണപിള്ള : ഈ ബില്ലിന്റെ ഒന്നാം വായനസമയത്തു് പല പല പ്രധാനപ്പെട്ട പ്രശ്നങ്ങളും ഇവിടെ ഉന്നയിക്കപ്പെട്ടിരുന്നു. അതിൽ പല നിർദ്ദേശങ്ങളും സെലക്ററു കമ്മിററി സ്വീകരിച്ചിട്ടുണ്ടു്. അങ്ങനെ ഇപ്പോഴത്തെ സെലക്ററു കമ്മിററി റിപ്പോർട്ടുചെയ്തു വന്നിട്ടുള്ള ഈ ബില്ലിൽ ചില മാററങ്ങൾകൂടി ആവശ്യമുണ്ടെന്നാണു് എന്റെ അഭിപ്രായം. അതിൽ ലാൻഡു് ഡെവലപ്പുമെന്റു ബോർഡിന്റെ ഘടനയെ സംബന്ധിച്ചിടത്തോളം പറയുന്നുണ്ടു്. 9 അംഗങ്ങളുള്ള ഈ ബോർഡിൽ 5 ഉദ്യോഗസ്ഥാംഗങ്ങളും ഗവണ്മെന്റു നോമിനേറു ചെയ്യുന്ന 5 അനുദ്യോഗസ്ഥാംഗങ്ങളും ഉണ്ടായിരിക്കുമെന്നാണു പറയുന്നതു്. ഇതിൽ മാററം വരുത്തേണ്ട ആവശ്യം ഉണ്ടെന്നാണു് എന്റെ അഭിപ്രായം. സെലക്ററു കമ്മിററി റിപ്പോർട്ടിനു ബഹുമാനപ്പെട്ട 3 മെംബറന്മാർ ഡിസെൻഡിംഗു് നോട്ടു് കൊടുത്തിട്ടുള്ളതിൽ, ആവശ്യപ്പെട്ടിരിക്കുന്നതുപോലെ, ഈ നിയമസഭയിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്ന ആളുകളായിരിക്കണം, ലാൻഡു് ഡെവലപ്പുമെന്റു ബോർഡിലെ അനുദ്യോഗസ്ഥാംഗങ്ങളും എന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. ആ ബോർഡിൽ അനുദ്യോഗസ്ഥാംഗങ്ങൾക്കു് ഭൂരിപക്ഷം ഉണ്ടായിരിക്കണമെന്നുള്ള നിർബന്ധം സ്വീകരിക്കേണ്ട ഒരു നിർദ്ദേശമാണെന്നാണു് എനിക്കു തോന്നുന്നതു്. ഇന്നത്തെ ബോർഡിന്റെ ഘടന അങ്ങനെയല്ല. ഈ സ്വഭാവം മാററി അനുദ്യോഗസ്ഥാംഗങ്ങൾക്കു് ഭൂരിപക്ഷം ഉണ്ടായിരിക്കത്തക്ക നിലയിൽ, ബോർഡു സംഘടിപ്പിക്കേണ്ടതാണു്. ഡിസൻഡിംഗു് നോട്ടിൽ എല്ലാ ഡിസ്ട്രിക്ററുകൾക്കും പ്രാതിനിദ്ധ്യം ഉണ്ടായിരിക്കുന്ന രീതിയിൽ ബോർഡിലെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും പറയുന്നുണ്ടു്. അതു സ്വീകരിക്കുന്നതു നന്നായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. ഒരുപക്ഷേ അതു സ്വീകരിച്ചില്ലെങ്കിൽപോലും, ഇന്നത്തെ നാലു അനുദ്യോഗസ്ഥാംഗങ്ങൾ എന്നുള്ളതു മാററി ആറു് അനുദ്യോഗസ്ഥാംഗങ്ങൾ എന്നെങ്കിലും ഭേദഗതി ചെയ്തു 11 അംഗങ്ങളുള്ള ബോർഡാക്കേണ്ടതാണു്. അങ്ങനെ 6 അനുദ്യോഗസ്ഥാംഗങ്ങളും 5 ഉദ്യോഗസ്ഥാംഗങ്ങളും അടങ്ങുന്ന ബോർഡാക്കേണ്ടതു് ആവശ്യമാണെന്നു് എനിക്കു തോന്നുന്നു.

ഡിസ്ട്രിക്ററു കമ്മിററികളെ സംബന്ധിച്ചിടത്തോളം ഒന്നാം വായന സമയത്തു് ചില നിർദ്ദേശങ്ങളുണ്ടായി. എന്നാൽ അന്നത്തേതിൽനിന്നും വ്യത്യസ്തമായ പരിതസ്ഥിതി ഇന്നുണ്ടെന്നു തോന്നുന്നു. കുറെ മുമ്പു് പഞ്ചായത്തു യൂണിയൻ കൗൺസിൽസും ആൻഡു് ജില്ലാ പരിഷത്തു ബിൽ സെലക്ററു കമ്മിററിക്കു് റെഫർ ചെയ്തു. ഈ ലാൻഡു് ഡെവലപ്പുമെന്റു ബിൽ സെലക്ററു കമ്മിററിക്കയച്ചപ്പോഴത്തെ ജില്ലാ പരിഷത്തിനെ സംബന്ധിച്ചുള്ളതായതൊരു ധാരണയും നമുക്കുണ്ടായിരുന്നില്ല. അങ്ങനെ ഒരു ധാരണയും ഇല്ലാതിരുന്ന സമയത്തു് പല വ്യത്യസ്തമായ അഭിപ്രായങ്ങളും പ്രകടിപ്പിക്കപ്പെടുകയായിട്ടുണ്ടു്. ഇന്നു് പ്രാദേശിക നിലവാരത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങളുണ്ടാക്കുന്നതിനും പഞ്ചായത്തു രാജു് നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്. പ്രധാനമായി ജില്ലാപരിഷത്തിന്റെയും യൂണിയൻ കൗൺസിലിന്റെയും ചുമതല നാം വിഭാവന ചെയ്തിരിക്കുന്നതു വികസനപരമായ പ്രവൃത്തികളാണു്. ലാൻഡു് ഡെവലപ്പുമെന്റും വികസനപരമായ പ്രവൃത്തിയാണു്, ആ നിലയിൽ അതിലേക്കു് വ്യത്യസ്തമായ ഒരു ഏജൻസി ഉണ്ടായിരിക്കേണ്ട ആവശ്യമില്ല. ലാൻഡു് ഡെവലപ്പുമെന്റു എന്നു പറയുന്നതിൽതന്നെ ശാസ്ത്രീയമായി കൃഷിസമ്പ്രദായം പരിഷ്കരിക്കുക, വൃക്ഷങ്ങളും വെട്ടി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കൃഷ്ണപിള്ള]

നശിപ്പിക്കാതിരിക്കുക, പെടികയം വച്ചുപിടിപ്പിക്കുക തുടങ്ങിയ പല പ്രവർത്തനങ്ങളും ഉൾപ്പെടും. പ്രധാനമായി കാർഷികപരമായ അഭിവൃദ്ധി പരിപാടികളാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതൊക്കെയാണ് ലാൻഡ് ബോർഡിന്റെ ജോലികൾ. ജില്ലാ പരിഷത്തിന്റെയും ജോലി ഇതുതന്നെയായിരിക്കും, പഞ്ചായത്തുരാജ് നടപ്പിലാക്കുന്നതിലുള്ള നിയമനിർമ്മാണത്തിലേക്ക് നാം കടന്നിരിക്കുന്ന ഇന്നത്തെ സ്ഥിതിയിൽ ഇതു സംബന്ധിച്ച് ഒരു പുനഃപരിശോധന ആവശ്യമാണെന്നാണ് എനിക്കു തോന്നുന്നത്. അതുകൊണ്ട് ഡിസ്ട്രിക്റ്റ് കമ്മിറ്റിയിൽ ഇന്നത്തെ നിലയിൽ കുറെ ഉദ്യോഗസ്ഥന്മാരേയും അനുദ്യോഗസ്ഥന്മാരേയും നോമിനേറ്റു ചെയ്യുന്നതു് ആവശ്യമില്ലാത്ത കാര്യമാണെന്നാണ് എനിക്കു പറയുവാനുള്ളതു്. ജില്ലാ പരിഷത്തിനുതന്നെ ഈ ജോലികളാണ് ഉള്ളതു്. ജില്ലാ പരിഷത്തിൽ അംഗസംഖ്യ കൂടുതലുണ്ടെങ്കിൽ, ഇതിനുവേണ്ടി ഒരു കമ്മിറ്റിയെ തെരഞ്ഞെടുക്കുകയൊ, അല്ലെങ്കിൽ ഒരു സബ് കമ്മിറ്റിയെ വയ്ക്കുകയൊ ചെയ്യാം. പഞ്ചായത്തു യൂണിയൻ കൗൺസിൽ ചെയർമാൻമാർ ജില്ലാ പരിഷത്തിൽ അംഗങ്ങളായിരിക്കും. ആ ചെയർമാന്മാരെ ചേർത്തു് ഇതിലേക്കു കമ്മിറ്റി സംഘടിപ്പിക്കാവുന്നതാണ്. പഞ്ചായത്തുരാജ് നടപ്പിലാക്കുമ്പോൾ ഒരുവശത്തു് വികസനപരമായ പ്രവർത്തനങ്ങൾ നടത്തുന്നതിനു് ജില്ലാ പരിഷത്തു് ഉണ്ടായിരിക്കുമ്പോൾ ഇങ്ങേവശത്തു് ലാൻഡ് ഡെവലപ്പുമെൻറിനു് ഒരു കമ്മിറ്റി ഉണ്ടായിരിക്കേണ്ട ആവശ്യമില്ലെന്നാണ് എനിക്കു തോന്നുന്നതു്. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഇതു സംബന്ധിച്ച് ഒരു പുനഃപരിശോധന ആവശ്യമാണ്.

ഈ ബില്ലിന്റെ ഒന്നാം വായനയിൽ ചൂണ്ടിക്കാണിച്ച ചില കാര്യങ്ങൾതന്നെയാണ് ഇതിലെ 28-ാം വകുപ്പിനെപ്പറ്റി പറയുവാനുള്ളതും. 28-ാം വകുപ്പ് അനുസരിച്ച് വികസനപരമായ ഏതെങ്കിലും പ്രവർത്തനം നടത്തുന്നതിന്റെ ഫലമായി ഉൽപാദനം വർദ്ധിക്കുന്നതായാൽ ഭൂമിയുടമസ്ഥനു് പാട്ടം വർദ്ധിപ്പിക്കുന്നതിനുള്ള അവകാശം ലഭിക്കുന്നുണ്ട്. ഇതു് നിശ്ചയമായും എടുത്തു കളയേണ്ട വകുപ്പാണെന്നാണ് എന്റെ അഭിപ്രായം. ഉടമസ്ഥന്റെ ഡെഫനിഷനിൽ ടെനൻറ്കൂടി ഉൾപ്പെടും. കൈവശക്കുടിയാനും ഉൾപ്പെടും. അപ്പോൾ അങ്ങനെയുള്ള സ്ഥലത്തു് ഏതെങ്കിലും സ്കീംസു് നടപ്പിലാക്കുന്നെങ്കിൽ, ആ ടെനൻസിനെ ഓണറായി കണക്കാക്കാവുന്നതാണ്. അപ്പോൾ പാട്ടം വർദ്ധിപ്പിക്കേണ്ട പ്രശ്നം അവിടെ ഉണ്ടാകുന്നില്ല. നേരേമറിച്ച് ഒരു ജന്മിയുടെ വക കുടിയാന്റെ കൈവശം ഇരിക്കുമ്പോൾ, ലാൻഡു് ഡെവലപ്പുമെൻറു് അനുസരിച്ചുള്ള നടപടികൾ നടത്തുകയാണെങ്കിൽ ജന്മിക്കു് പണം ചെലവാകുന്നതിനുള്ള സാദ്ധ്യതയുണ്ട്. അങ്ങനെ വരുന്നതിന്റെ ഫലമായി പാട്ടം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു നിലയുണ്ടാകും. എന്നാൽ ടെനൻറു 'ഓണർ' എന്നുള്ള ഡെഫനിഷനിൽ ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട് അവിടെ ഏതെങ്കിലും സ്കീം നടപ്പിലാക്കുമ്പോൾ ടെനൻറിന്റെ കൈയിൽനിന്നും പണം ഈടാക്കാവുന്നതാണ്. അപ്പോൾ പാട്ടം വർദ്ധിപ്പിക്കേണ്ട പ്രശ്നം ഉണ്ടാവുകയുമില്ല. അതുകൊണ്ടാണ് ഈ വകുപ്പ് ആവശ്യമില്ലെന്നു പറയുന്നതു്. അതു് ഈ സഭ പരിഗണിക്കുമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ സെലക്റ്റുകമ്മിറ്റി റിപ്പോർട്ടു ചെയ്ത ഈ ബിൽ പരിഗണിക്കണമെന്നുള്ള ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

ശ്രീ. കെ. വി നാരായണൻ : ഈ ലാൻറു് ഡവലപ്പ്മെൻറു് ബോർഡ് ഉണ്ടാകുന്ന അവസരത്തിൽ കുറച്ച് ജനാധിപത്യപരമായ സമീപനം ഉണ്ടാകേണ്ടതാണ്. ഇന്നുള്ള ഒൻപതു ഡിസ്ട്രിക്റ്റുകൾക്കും പ്രാതിനിധ്യം കിട്ടത്തക്കവണ്ണം ലാൻറു് ഡവലപ്പ്മെൻറു് ബോർഡിൽ മെമ്പറന്മാർ ഉണ്ടായിരിക്കേണ്ടതു് തീർച്ചയായും ഈ വിധത്തിലുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യമാണ്. അങ്ങനെയായാൽ അതാതു ഡിസ്ട്രിക്റ്റിനെ പ്രതിനിധീകരിക്കുന്നവർക്ക് അതാതു സ്ഥലത്തെ സ്ഥിതിഗതികളെല്ലാം മനസ്സിലാക്കി പ്രവർത്തിക്കുന്നതിനു കഴിയും. അങ്ങനെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് ആ അഭിപ്രായം ഞങ്ങളും പ്രകടിപ്പിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ, തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾ ജില്ലാ കമ്മിറ്റിയിലും ലാൻറ് ഡവലപ്പ്മെൻറ് ബോർഡിലും വരാനുള്ള സൗകര്യം ഉദ്ദേശിച്ചാണ് നാമിനേഷൻ പകരം തെരഞ്ഞെടുപ്പുവഴി മെമ്പറന്മാരെ എടുക്കണമെന്ന ആവശ്യപ്പെട്ടന്നത്. പഞ്ചായത്തു യൂണിയനെല്ലാം വന്നാൽ ജില്ലാ കമ്മിറ്റിയിൽ എല്ലാ യൂണിയനും പ്രാതിനിധ്യം കിട്ടത്തക്കവണ്ണം അംഗങ്ങളെ തെരഞ്ഞെടുത്തയക്കാൻ കഴിയും.

അടുത്തതായി ഈ ബില്ലിലെ 28-ാം വകുപ്പിൻെറ കാര്യമാണ് പറയാനുള്ളത്. ഇതു് കൃഷിക്കാരെ വളരെ ദോഷകരമായി ബാധിക്കുന്നതാണ്. പാട്ടം കൂട്ടുന്നതിനുള്ള വ്യവസ്ഥ ഏതു പരിതഃസ്ഥിതിയിലും അംഗീകരിക്കാൻ പാടില്ല. ഭൂമി അഭിവൃദ്ധിപ്പെട്ടതിൻെറ ഫലമായി വിളവു വർദ്ധിക്കുകയാണെങ്കിൽ അതിൻെറ അടിസ്ഥാനത്തിൽ പാട്ടം വർദ്ധിപ്പിച്ചുകൂടെ എന്നു ചോദിക്കാം. ഫ്രേപരിഷ്കരണനിയമം നടപ്പിലാകാൻ പോകുന്ന ഈ അവസരത്തിൽ, പാട്ടം വർദ്ധിപ്പിക്കാനുള്ള വ്യവസ്ഥ പിന്നെ ഉണ്ടാകുന്ന ഒരു നിയമത്തിൽ വരുന്നതു് തീർച്ചയായും കൃഷിക്കാരെ ദോഷകരമായിബാധിക്കും. ഫ്രേപരിഷ്ക്കരണനിയമത്തിൻെറ ഉദ്ദേശം ജന്മിസമ്പ്രദായം അവസാനിപ്പിക്കണമെന്നുള്ളതാണ്. എന്നാൽ, ഈ ബില്ലിൽ ജന്മിമാക്കു് പാട്ടം കൂട്ടാൻ അവസരം കൊടുക്കുന്നു. ഇതു് ഈ നാട്ടിലെ ജന്മിത്വത്തിൻെറ താൽപ്പര്യത്തെ സംരക്ഷിക്കാനല്ലേ എന്നു ചോദിക്കാതിരിക്കാൻ നിവൃത്തിയില്ല. അതു മാത്രവുമല്ല, തെരഞ്ഞെടുക്കപ്പെട്ട ബാഡിയല്ല ഇതു് നിശ്ചയിക്കുന്നതു്. നാമിനേറുചെയ്യുന്ന ഒരു ബാഡിയാണ്. ഇതിനു് ഉപദേശം നൽകുന്നതെന്നുള്ളതു് വളരെയധികം ദോഷകരമായി കൃഷിക്കാരെ ബാധിക്കും. അതുകൊണ്ടു് 28-ാംവകുപ്പു് തീർച്ചയായും ഈ ബില്ലിൽനിന്നും നീക്കംചെയ്യണം. ഈവക കാര്യങ്ങൾകൂടി പരിഗണിക്കണമെന്നാണ് എനിക്കു് ഈയവസരത്തിൽ പറയാനുള്ളതു്.

ശ്രീ. ഇ. പി. ഗോപാലൻ : ഈ ബില്ലിലെ പ്രധാന വസ്തുത "ഒരു ലാൻറ് ഡെവലപ്പ്മെൻറ് ബോഡിൻെറ കാൺസ്റ്റിറ്റ്യൂഷനാണ്. ഇന്നു ഇതിൽ പ്രൊവൈഡ് ചെയ്തിട്ടുള്ളതുപോലെ ലാൻഡ് ഡെവലപ്പ്മെൻറ് ബോർഡ് കാൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ട പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്ന അവസരത്തിൽതന്നെ ഈ ലാൻഡ് ബോർഡിൻെറ പ്രവർത്തനപരിധിയിൽപ്പെടുന്ന വിഷയങ്ങളും അവ കൂടെക്കൂടി വിപുലപ്പെടുത്തിയാൽ വരാവുന്ന മറ്റു കാര്യങ്ങളും, ഇപ്പോഴത്തന്നെ നാം സെലക്റ്റുകമ്മറ്റിയുടെ പരിഗണനയ്ക്കയച്ചിട്ടുള്ള പഞ്ചായത്തു യൂണിയൻ കൗൺസിൽ ആൻഡ് ജില്ലാ പരിഷത്തുബില്ലിലെ ചില വകുപ്പുകളിൽ ഉൾപ്പെടുന്നതാണ് എന്ന കാര്യം നാം സ്മരിക്കേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ ഈമാതിരിയുള്ള പ്രവർത്തനത്തിൻെറ ഇരട്ടിപ്പു അല്ലെങ്കിൽ ഓവർലാപ്പിംഗ് വന്നുപോകുകയില്ലേ ? നിയമനിർമ്മാണത്തിൻെറ ഇന്നത്തെ സ്ഥിതി പരിശോധിക്കുകയാണെങ്കിൽ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽപ്പെട്ട വിഷയങ്ങളെസംബന്ധിച്ചിടത്തോളം ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നു എന്നുള്ളതാണ്. ഇതിനു പരസ്പരബന്ധപ്പെടുത്തലോ ഓവർ ലാപ്പിംഗോ വരാതിരിക്കാനും നാം ആവശ്യമായ നടപടി നടത്തിക്കാണുന്നില്ലാ. അതുകൊണ്ടു് ഈ ഘട്ടത്തിൽ ഈ നിയമനിർമ്മാണം പുരോഗമിപ്പിക്കണമോ അതോ ഇതു പാസ്സായിക്കഴിഞ്ഞാൽ ജില്ലാപരിഷത്തു് മുതലായിട്ടുള്ള പുതിയതായി കാൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻപോകുന്ന സ്ഥാപനങ്ങളുമായി സംഘട്ടനങ്ങളോ ഓവർലാപ്പിംഗോ വരുമ്പോൾ ആ അനുഭവം വച്ചുകൊണ്ടു ഭേഗതി വരുത്തിയാൽ മതിയോ എന്നുള്ളതാലോചിക്കേണ്ടതാണ്.

ലാൻഡ് ഡെവലപ്പ്മെൻറ് സംബന്ധിച്ചുള്ള കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും പൊതുവിൽ രാജ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ഒരു പ്രത്യേക രീതിയിലുള്ള പ്രവർത്തന പരിപാടികൾ മാത്രമാണ് ഇതിൽ ഉള്ളതു്. എവിടെ വച്ചിട്ടാണ് ഇതു പരസ്പരബന്ധപ്പെടുത്തുന്നതെന്നോ ബന്ധപ്പെടാതിരിക്കുന്നതെന്നോ ഉള്ളതിനെ സംബന്ധിച്ചു ഇതിൻെറ പ്രണേതാക്കൾക്കു ഒരു പിടിയും ഇല്ലാതെയാണിരിക്കുന്നതു്. ആ നിലക്കു് ഇതു ചൂണ്ടിക്കാണിക്കേണ്ടതു വളരെ അത്യാവശ്യമാണ്. ഇക്കാര്യത്തിൽ എന്തു നിലയാണ് ഗവണ്മെൻറു സ്വീകരിക്കാൻ പോകുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

ഒന്നുകിൽ ഇതു ഇങ്ങനെ പോകട്ടെ; മറേറതു അങ്ങനേയും പ്രവത്തിച്ചുകൊള്ളട്ടെ. ഏതുസമയത്താണു് ഈ കാൺഫ്ളിക്റ്റുണ്ടാകുന്നതു്, ആ സമയത്തു അതിനു ആവശ്യമായ ഒരു നില എടുക്കാം ; അതുവരെ ഇന്നു നിൽക്കുന്നതായ നിയമ നിർമ്മാണം പൂത്തിയായിക്കഴിഞ്ഞതിനു ശേഷം ഇതെടുത്താൽ മതി. ചില പ്പോഴം അതിനു കാലതാമസമുണ്ടാകും. എന്നുള്ള നിലയാണെം ?

സോയിൽ കൺസർവേഷൻ തുടങ്ങീട്ടുള്ള സ്പെസിഫിക്കായിട്ടുള്ള കാര്യ ങ്ങൾക്കു ഇതിൽ പ്രൊവിഷനുണ്ടു് എന്നുള്ള ഒരുനിലയും എടുക്കാവുന്നതാണു്. പക്ഷേ, പുതിയതായിട്ട ഇതുപോലെയുള്ള നിയമനിർമ്മാണം ചെയ്യുമ്പോം വിവിധ പ്രശ്നങ്ങം തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചും അതിന്റെ പ്രത്യാഘാതത്തെ സംബന്ധിച്ചും ഒരു പരിഗണന ആവശ്യമാണു്. അതു ഇവിടെ ചെയ്യുകഴിഞ്ഞിട്ടില്ല. ഇപ്പോംതന്നെ സെലക്റ്റുകമ്മറി റിപ്പോർട്ട കൺസിഡർ ചെയ്യുന്ന സ്റ്റേജിൽപോലും കേവലം ഒരു ഊഹത്തിന്റെ അടി സ്ഥാനത്തിൽപ്പെട്ടെത്തിയേ ഇതിലേ പ്രൊവിഷൻസ് ഉംക്കൊള്ളിക്കാൻ കഴി യുകയുള്ള. കാരണം, ഇതിലേക്കു് നാമിനേറു ചെയ്യുന്ന ആളുകളെ ഇപ്പോം അറിയാൻ കഴിയുകയില്ല. ആ ജാതി പൈഷമ്യങ്ങളൊക്കെയുണ്ടു്. പക്ഷേ, അത്തരം സ്ഥാപനങ്ങളുടെ കാര്യത്തിൽ ഇതുപോലെയുള്ള പരിപാടികളാണെ ങ്കിൽ വളരെ പൈഷമ്യങ്ങം വരും. ഇപ്പോഴുള്ള ലാൻഡു് ഡെവലപ്പ്മെൻറു ബോർഡിന്റെ കാൺസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചു ഭിന്നാഭിപ്രായങ്ങളുണ്ടു്. അതിനേക്കാം മൗലികമാണു യഥാർത്ഥത്തിൽ ലാൻഡു് ഡെവലപ്പ്മെൻറു ബോർഡിന്റെ പ്രവർത്തനത്തിൽ വരുന്നതു്. നിലവിലുള്ള മറു പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി നോക്കുമ്പോം ഇന്നീ ബില്ലിൽ വരുത്താവുന്ന വ്യവസ്ഥകംക്കു ലിമിറേഷനുണ്ടു്. അതിനു എന്തു പ്രതിവിധിയാണു ഉദ്ദേശിക്കുന്നതു്? അതു ഒരൊററ വിഷയം എന്നുള്ള നിലയ്ക്കു നാം പാസാക്കി പോകുക. അല്ലാതെ ഇപ്പോം വാസ്തവത്തിൽ വേറെ യതൊരു നിവ്വാഹവുമില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു ഈ ബിൽ ജില്ലാപരിഷത്തുബില്ലുമായി ബന്ധപ്പെടാവുന്നതിനെ കുറിച്ചു ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പറന്മാർ സംസാരിക്കയുണ്ടായി. ആവക സ്ഥാപനങ്ങളുടെ അധികാര അവകാശങ്ങം എത്രതന്നെയായിരുന്നാലും ഇത്തര ത്തിൽ ഈ ബിൽ അത്യാവശ്യമാണെന്ന കാര്യത്തിൽ സംശയമില്ല. കാരണം, അങ്ങനെയുള്ള സ്ഥാപനങ്ങംക്കോ മറേറതെങ്കിലും സ്ഥാപനങ്ങംക്കോ ഇതിൽ നിർദ്ദേശിച്ചപ്രകാരമുള്ള തരത്തിൽ മണ്ണുസംരക്ഷണ നടപടികളോ മറേറാ എടുക്കണമെങ്കിൽ അതിനു നിയമനിർമ്മാണം അത്യാവശ്യമാണു്.

സർ, ഇന്നു നാം ട്രൈബൽ പരിഷ്ക്കരണ നിയമങ്ങം പല രൂപത്തിലും നടപ്പി ലാക്കുന്നുണ്ടെങ്കിലും, ആ ട്രൈബൽ പരിഷ്ക്കരണ നിയമത്തിലെ പ്രധാന തത്വമായ ഉൽപ്പാദന വർദ്ധനവു എന്ന ആ രംഗത്തേക്കു അധികം ഒന്നും തിരിഞ്ഞുനോക്കീ ട്ടില്ല എന്നുള്ളതു പരമാർത്ഥമാണു്. ഇത്തരം നിയമങ്ങം മറു പരിഷ്കൃത രാജ്യങ്ങളിൽ എത്രയോ മുമ്പുണ്ടായിട്ടുണ്ടു്. ഇന്നു നമ്മുടെ നാട്ടിൽ ഈ പരി ഷ്ക്കരണ നിയമങ്ങംമൂലം ട്രൈബൽ കുടിയായ്മ സമ്പ്രദായം വളരെ വേഗം അവസാനിപ്പിക്കേണ്ടതു അത്യാവശ്യവും അനിവാര്യവുമാണെന്ന സമ്മതിക്കു ന്നുണ്ടെങ്കിലും അതിൽ കൂടുതലായി ഈ രാജ്യത്തെ കാർഷികോൽപ്പാദനം വർദ്ധി പ്പിക്കുന്നതിനു വളരെ ഏറെ പ്രവർത്തിക്കേണ്ടതുണ്ടു് എന്നുള്ള കാര്യം പല പ്പോഴും ഓർക്കുന്നില്ല. ഒരു സംഗതിയെമാത്രമേ ഈ ബിൽ ബാധിക്കുന്നുള്ള. നമ്മുടെ നാട്ടിലെ അതിപ്രധാനമായ ഒരു ശാപമായിത്തീർന്നിട്ടുള്ള കൃഷിയിടങ്ങ ളുടെ ശിഥിലീകരണമാണു് അതു്. ഒരു സെൻറും അഞ്ചു സെൻറും പത്തു സെൻറും ഇങ്ങനെയുള്ള ഇരുപത്തിഒൻപതു ലക്ഷം കൃഷിയിടങ്ങം അങ്ങനെ ദരിദ്രമായി കിടക്കുകയാണു്. അവയെ സംയോജിപ്പിക്കുന്നതിനുള്ള ഒരു പരി പാടിയെപ്പററി പല വിദഗ്ദ്ധന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും ഗവ ണ്മെൻറു കാര്യമായി ആ വിഷയത്തെസംബന്ധിച്ചു ചിന്തപോലുത്തിക്കാണു ന്നില്ല. ട്രൈബൽ പരിഷ്ക്കരണം കഴിഞ്ഞാൽ അടുത്തുതന്നെ അതിൽ പ്രവേശിക്കാം

LIBRARY ARCHIVES Kerala Legislative Assembly

എന്നു കാത്തിരിക്കുകയായിരിക്കാം. ഏതായിരുന്നാലും കർഷകൻ വിചാരിച്ചാൽതന്നെ മണ്ണുസംരക്ഷണപദ്ധതി നടപ്പാക്കാൻ സാധ്യമാകുകയില്ല. മാത്രമല്ല, ചിരകാലംകൊണ്ടു കൃഷിഭൂമിയുടെ ഫലഭൂയിഷ്ഠത നശിച്ചു ഉപയോഗശൂന്യമായിത്തീരും. ഇന്നു ഗവണ്മെന്റു ആക്കാര്യത്തിൽ ചില പരിശ്രമങ്ങളെല്ലാം ചെയ്യുന്നുണ്ടെങ്കിൽപോലും ആ കൃഷിഭൂമി പല കുടിയാന്മാരിൽ അങ്ങനെ നിക്ഷിപ്തമായിരിക്കുന്നതുകൊണ്ടു ഗവണ്മെന്റിനു നിർബന്ധപൂർവ്വം ഒന്നും ചെയ്യാൻ നിവർത്തിയില്ല. അതുമാത്രമല്ല, അതിനാവശ്യമായ ചെലവുകളും അവരിൽനിന്നും ഈടാക്കുന്നതിനും വഴിയില്ല. ഇതു ദേശീയതാല്പര്യത്തിനു അത്യാവശ്യമായിട്ടുള്ള ഒരുപദ്ധതിയാണു്. ഭൂമികൈവശക്കാർക്കു ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും ദേശീയതാല്പര്യത്തെ മുൻനിറുത്തിക്കൊണ്ടു മണ്ണുസംരക്ഷണത്തിനു ആവശ്യമായ പദ്ധതികളും തയാറാക്കുകയും അതിന്റെ നടത്തിപ്പിനാവശ്യമായിട്ടുള്ള അധികാരം കയ്യിൽ വയ്ക്കുകയും ചെയ്യുക എന്നുള്ളതാണു ഈ ബില്ലിന്റെ കാതലായിട്ടുള്ള ആവശ്യം. അതു ഉല്പാദനക്ഷമതയുടെ പ്രവർത്തനത്തിനു വേണ്ടിയുള്ള ഒരുദ്യോഗമാത്രമാണു്. എങ്കിൽകൂടി ഈ നിയമം അത്യാവശ്യമാണു്. ആ നിലയിൽ അതു പര്യാലോചനയ്ക്കെടുക്കണം എന്നുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

Shri P. Balachandra Menon : Sir, the dissenting note definitely illustrates that unless the Land Development Board is made more democratic and the non-official members are elected from the Legisaure at the State level and District level, it would becom a bureaucratic set up which will not benefit the people much. We see a large number of officers in such boards constituted by the Government. But here, in this Land Development Board, Government have suggested that there should be only four non-official members. The whole State should have representation in the State Development Board and that can very well be done if representation is given to M. L. As and M. Ps They can be chosen by the Assembly, and then they become the non-official representatives is the Land Development Board. This will certainly help us, and I am definite that, whatever be the position of various parties, there will be some representatives of all parties from the districts in our State Board. We can hope we will be able to send representatives to the State Board from each district so that we can have really democratic voices echoed in the State Board. The best way to select representatives from a district will be to select them from among M. L. As. After all if our State and our country can be administered by a Ministry chosen from the M. L. As., the Development Boards can very well be advised by the chosen M. L. As. As for the District Committees also, it will be good if representatives of the Panchayats have got a voice and that is why the dissenting minute has suggested that the Union Council of Panchayats should have representatives in these Committees. There is also the alternative danger that certain districts may be neglected and in certain districts, certain areas may be neglected. To avoid that danger, I would respectfully submit that the Panchayat Union Councils should be given representation in the District Committees.

The next suggestion is very important and that is regarding the improvements effected by the landlords. When the landlord is asked by the Development Board to make any improvement and he makes that improvement, the landlord has been given the right to enhance the rent payable by the tenant who is benefited by the work. This will be a cover to attack the tenants. If the tenant is asked by the Board to make improvements and if he fails to do that, the Board

LIBRARY ARCHIVES Kerala Legislative Assembly

[Shri P. Balachandra Menon]

should spend the money, and then recover the money from the tenant. It should never be a sort of indirect method by which the landlord will be in a position to extract more rent from the tenants. Therefore clause 28 should be deleted. I would submit that the choice should be given to the tenants. In case the tenant is not improving the land, the Development Board should spend the money and recover it from the tenant so that this will not turn out to be an oppressive measure. When we attempt to bring in a legislation, it should not go against the person for the benefit of whom we pass the measure, and I therefore submit that care should be taken to see that this does not become another weapon in the hands of the landlord to get his rent enhanced.

ശ്രീ. ഒ. കോരൻ : സർ, ലാൻഡ് ഡവലപ്പ്മെന്റ് ബില്ലിനെപ്പറ്റി ചില കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ നാട്ടിലെ ഭൂപരിഷ്കരണനടപടിയെ വിജയിപ്പിക്കുന്നതിനും ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും ഇപ്പകാരമുള്ള ലാൻഡ് ഡവലപ്പ്മെന്റ് ബോർഡ് രൂപവൽക്കരണം ഏറ്റവും സ്വാഗതാർഹമാണ്. പ്രധാനമായി എനിക്ക് പറയാനുള്ളത്, ഭക്ഷ്യോല്പാദനത്തിനു സഹായകമായ രീതിയിൽ ഡിസ്ട്രിക്റ്റടിസ്ഥാനത്തിൽ, ലാൻഡ് ഡവലപ്പ്മെന്റ് ബോർഡുണ്ടാക്കണമെന്നാണ്. എന്നാൽ മാത്രമേ ഓരോ താലൂക്കിലെയും മണ്ണിന്റെയും, പ്രകൃതിയുടെയും വ്യത്യാസങ്ങൾക്ക് അനുസരണമായി അഭിവൃദ്ധികരങ്ങളായ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു. മണ്ണൊലിപ്പുനിവാരണനടപടികൾക്കായി ഇതിൽ പ്രത്യേകം വ്യവസ്ഥചെയ്തിട്ടുണ്ട്. പി. എസ്. പി. ഗവണ്മെൻറിന്റെ ഭരണകാലത്ത് മണ്ണൊലിപ്പ നിവാരണത്തിനു് ഒരു പ്രത്യേക സ്കീം തയ്യാറാക്കി, കുറേ സ്ഥലങ്ങളിൽ അതു പ്രവർത്തിച്ചിരുന്നു. അതുമൂലം കൂടുതൽ പ്രയോജനവും ഉണ്ടായിട്ടുണ്ട്. എന്നാൽ, അതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി തുടരുന്നതിനു സാധിച്ചില്ല. കാലവർഷം ഉണ്ടാകുമ്പോൾ കൂടുക്കൂടെ മണ്ണൊലിപ്പുമൂലം നമ്മുടെ സംസ്ഥാനത്തു ഒട്ടേറെ നാശങ്ങൾ ഉണ്ടാകുന്നുണ്ട്. മണ്ണൊലിപ്പുതടയുന്നതിനുള്ള പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ ഗവണ്മെൻറ് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. എന്റെ നിയോജകമണ്ഡലമായ പയ്യന്നൂർ മലയോരപ്രദേശങ്ങളിൽ മണ്ണൊലിപ്പു തടയാൻ ചില നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ അതു കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ലാൻഡ് ബോർഡുകൾ സംഘടിപ്പിച്ച് ഇത്തരം കാര്യങ്ങൾ കൂടുതൽ ഊർജ്ജിതമായി നടപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം സംരക്ഷനടപടികൾ കാര്യക്ഷമമായി നടപ്പാക്കാൻ തുടങ്ങിയാൽ വളരെ വേഗം നാം വിഭാവനചെയ്യുന്ന രീതിയിൽ, കൂടുതൽ ഭക്ഷ്യോൽപ്പാദനം ഉണ്ടാക്കാൻ സാധിക്കുന്നതാണ്. അതുകൊണ്ട് ഇതു ഏറ്റവും സ്വാഗതാർഹമായ ഒരു കാര്യമാണ്.

'പ്രിസർവേഷൻ ആൻഡ് ഇംപ്രൂവുമെൻറ് ആഫ് സോയിൽ' എന്നതിനു് ഈ ബില്ലിൽ പ്രത്യേകം പ്രാധാന്യം നൽകിയിട്ടുണ്ട്. നല്ല വളം ചെയ്താൽമാത്രമേ കൂടുതൽ ഭക്ഷ്യോൽപ്പാദനം ഉണ്ടാക്കാൻ സാധിക്കുകയുള്ളു. കൂടാതെ, ഉപ്പുവെള്ളം കയറി കൃഷി നശിക്കാതിരിക്കാൻ ബണ്ടുകൾ ഉണ്ടാക്കി ആവശ്യമായ സംരക്ഷണം നൽകണം. തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ ബോട്ടുജട്ടിക്കു സമീപം കെട്ടിയിട്ടുള്ള ബണ്ടുകൾ പൊട്ടി ഉപ്പുവെള്ളം കയറി സമീപത്തുള്ള നെൽക്കൃഷിക്കു നാശം സംഭവിച്ചിട്ടുണ്ട്. ബണ്ടുകൾ കെട്ടുന്ന കാൺട്രാക്ടർമാർ വേണ്ടത്ര ശ്രദ്ധയില്ലാതെ പണികൾ നടത്തിയതിന്റെ ഫലമായി ബണ്ടുകൾ പൊട്ടി കൃഷിനാശം ഉണ്ടാകുന്നുണ്ട്. അങ്ങനെ ഉപ്പുവെള്ളം കയറി വളരെയധികം ഏക്കർ സ്ഥലത്തെ കൃഷി നഷ്ടപ്പെടുന്നുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ നല്ല ബണ്ടുകൾ കെട്ടി കൃഷിയെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടുതൽ വിളവുണ്ടാകുന്നതിനും, കൃഷി നഷ്ടപ്പെടാതിരിക്കുന്നതിനും ഈ നടപടി ഏറ്റവും ആവശ്യമാണ്. ലാൻഡ് ബോർഡ് ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നു് അഭ്യർത്ഥിക്കു

LIBRARY ARCHIVES Kerala Legislative Assembly

സർ, കൃഷിയുടെ നാനാവശങ്ങളെപ്പറ്റിയും ചിന്തിച്ച് ഭക്ഷ്യോൽപ്പാദനത്തിനു് കൂടുതൽ അഭിവൃദ്ധി ഉണ്ടാകുന്നതിനു പറ്റിയ അഭിവൃദ്ധി മാർഗ്ഗങ്ങം കണ്ടുപിടിക്കുന്നതിനും, അതിനാവശ്യമായ നടപടികളും യഥാകാലം സ്വീകരിക്കുന്നതിനും ലാൻഡ് ബോർഡുകളും ഉപകരിക്കുന്നതാണു്. ജില്ലാ നിലവാരത്തിൽ, ബോർഡുകളും സംഘടിപ്പിച്ചു്, ആവശ്യമായ കാർഷികപരിശ്രമണത്തിനു് ഫലപ്രദമായ പരിപാടികളും ആസൂത്രണം ചെയ്തു അവ നടപ്പാക്കി നമ്മുടെ ഭക്ഷ്യോൽപ്പാദനം കാര്യക്ഷമമാക്കുന്നതിനു് പറ്റിയ ഈ സംരംഭം ഏറ്റവും സ്വാഗതാർഹമാകയാൽ ലാൻഡ് ബോർഡുകളും ഈ കാര്യങ്ങം പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിക്കുകയാണു്.

ശ്രീ. എൻ. ഈ. ബലറാം : സർ, ലാൻഡ് ഡവലപ്പ്മെൻറ് ബിൽ സെലക്റ്റ് കമ്മിറ്റിക്കു അയയ്ക്കുന്നതിനുമുമ്പു് ആദ്യമായി അവതരിപ്പിച്ച അവസരത്തിൽ, ചില പ്രധാന കാര്യങ്ങളെസംബന്ധിച്ചു് ചില നിർദ്ദേശങ്ങളും വച്ചിരുന്നു. അതിൽ പ്രധാനപ്പെട്ട ചില കാര്യങ്ങളെങ്കിലും സെലക്റ്റ് കമ്മിറ്റിയിൽ അംഗീകരിക്കപ്പെടുമെന്നു ഞാൻ വിശ്വസിച്ചിരുന്നു. സെലക്റ്റ് കമ്മിറ്റി റിപ്പോർട്ട് വന്നുകാണുന്നതിൽ അങ്ങനെ കാര്യമായ മാറ്റമൊന്നും ചെയ്തുകാണാത്തതിൽ ഖേദമുണ്ടു്. എന്തുകൊണ്ടാണു് അതു സ്വീകരിക്കാതിരുന്നതെന്നു മനസ്സിലാകുന്നില്ല. ഈ അവസരത്തിൽ മറ്റുചില കാര്യങ്ങളും പറയാനാണു് ഞാനാഗ്രഹിക്കുന്നതു്.

സർ, ഈ ബിൽ ഇവിടെ അവതരിപ്പിക്കുമ്പോം ഇല്ലാത്തതായ ഒരു സ്ഥിതിവിശേഷം ഇപ്പോം ഉണ്ടായിട്ടുണ്ടു്. സെലക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തതിനുശേഷമാണു് ഇവിടെ ജില്ലാപരിഷത്തുകളും വന്നിരിക്കുന്നതു്. ഈ ബിൽ ഇവിടെ അവതരിപ്പിക്കുമ്പോം, ഇവിടെ ജില്ലാപരിഷത്തുകളും ഉണ്ടാക്കുമെന്ന ഉദ്ദേശം ഉണ്ടായിരുന്നില്ല, ഭൂമിയുടെ വിവിധനിലയിലുള്ള അഭിവൃദ്ധിക്കും, സംരക്ഷണത്തിനുംവേണ്ടി ജില്ലാ നിലവാരത്തിൽ പൊതുജനപ്രതിനിധികളടങ്ങിയ കമ്മിറ്റികളും ഉണ്ടായിരിക്കണമെന്ന അഭിപ്രായത്തെ എല്ലാവരും സ്വാഗതം ചെയ്യുന്നതാണു്. ഇന്നത്തെ ലാൻഡ് ഡെവലപ്പ്മെൻറ് ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നതു് അതിനു് ഡിസ്ട്രിക്റ്റ് കമ്മിറ്റി സംഘടിപ്പിക്കണമെന്നാണു്. ആദ്യവും ഇതായിരുന്ന നിർദ്ദേശം, സെലക്റ്റ് കമ്മിറ്റിയും അതു് അംഗീകരിച്ചിട്ടുണ്ടു്. അങ്ങനെ ഡിസ്ട്രിക്റ്റ് കമ്മിറ്റികളും സംഘടിപ്പിക്കുകയാണെങ്കിൽ, ആരെല്ലാം അതിൽ ഉണ്ടായിരിക്കണം, എങ്ങനെ അംഗങ്ങളെ തിരഞ്ഞെടുക്കണം എന്നുംമറ്റുമുള്ള പ്രശ്നങ്ങം വരും. ഇപ്പോം ജില്ലാ പരിഷത്തുകളും സംഘടിപ്പിക്കുന്ന സ്ഥിതിക്കു് ഇതിനുവേണ്ടി ഡിസ്ട്രിക്റ്റ് കമ്മിറ്റികളും ആവശ്യമില്ലെന്ന അഭിപ്രായക്കാരനാണു് ഞാൻ. ഇതൊരു പുതിയ കാര്യമായതുകൊണ്ടു് എടുത്തു പറയുകയാണു്. ഈ ബിൽ അവതരിപ്പിക്കുന്ന സമയത്തു് ജില്ലാ പരിഷത്തിന്റെ കാര്യം ഈ സഭയുടെ മുൻപിൽ ഇല്ലായിരുന്നു. ഇന്നാണെങ്കിൽ, ജില്ലാ പരിഷത്തുണ്ടാകാൻപോകുകയാണു്. വികസനപരമായ എല്ലാ ജോലികളും നടത്താനുള്ള ബന്ധപ്പെട്ട അംഗങ്ങം ജില്ലാ പരിഷത്തിൽ ഉണ്ടായിരിക്കും. ആ സ്ഥിതിക്കു് ലാൻഡ് ഡവലപ്പ്മെൻറിനായി ഡിസ്ട്രിക്റ്റുതോറും പ്രത്യേകം കമ്മിറ്റികളുടെ ആവശ്യമുണ്ടോ എന്നു ആലോചിക്കണം. കൂടുതൽ കാലവുണ്ടാക്കാനും, കാലതാമസം വരുത്താനും ഇതു സഹായിക്കുമെന്നല്ലാതെ, ഫലപ്രദമായ എന്തെങ്കിലും നടപടികളും കൈക്കൊള്ളാൻ ഈ ഡിസ്ട്രിക്റ്റ് കമ്മിറ്റികൾക്കു സാധിക്കുമോ? ഇല്ലെന്നാണു് എന്റെ അഭിപ്രായം. കൃഷിസംബന്ധമായ അഭിവൃദ്ധിക്കുവേണ്ടി, എത്രമാത്രം പണം അനുവദിക്കണം, എന്തെല്ലാം പദ്ധതികളും ആരംഭിക്കണം ഭൂമി എങ്ങനെ അഭിവൃദ്ധിപ്പെടുത്തണം എന്നുംമറ്റുമുള്ള കാര്യങ്ങളും ജില്ലാ പരിഷത്തുകളുംവഴി വളരെ കാര്യക്ഷമമായി നിവ്വഹിക്കാൻ സാധിക്കുന്നതാണു്. ജില്ലാ പരിഷത്തിലാണെങ്കിൽ, കാർഷിക ഡിപ്പാർട്ട്മെൻറിലെയും, വനംവകുപ്പിലെയുംമറ്റും ഉദ്യോഗസ്ഥന്മാർ അംഗങ്ങളായിരിക്കും. ഭൂമിയിലുള്ള എല്ലാ അഭിവൃദ്ധിമാർഗ്ഗങ്ങൾക്കും നിർദ്ദേശം നൽകാനും, ആവശ്യമായ സംരക്ഷണം നൽകാനും ജില്ലാപരിഷത്തുകൾക്കു സാധിക്കും. പ്രത്യേകം കമ്മിറ്റിയെ വയ്ക്കാതെ ഈ കാര്യം നിവ്വഹിക്കാൻ ജില്ലാ പരിഷത്തിനെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഇ. ബലറാം]

ക്കൊണ്ടു സാധിക്കും. ഓരോ കാര്യത്തിനും പ്രത്യകം പ്രത്യേകം കമ്മിറ്റി ഉണ്ടാക്കി ചെലവു വർദ്ധിപ്പിക്കുന്നതിനുപകരം, കൂടുതൽ അധികാരത്തോടുകൂടി നല്ല കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്ന ജില്ലാ പരിഷത്തിനു് ആ ചുമതല വിട്ടുകൊടുക്കുന്നതായിരിക്കും നല്ലതു്. ഈ കാര്യം ഞാൻ ഇപ്പോഴും പ്രത്യേകം എടുത്തു പറയുന്നതു്, നാം ഈ ബിൽ അവതരിപ്പിച്ചു് ചർച്ച ചെയ്തിരുന്ന സ്പോഴും ജില്ലാ പരിഷത്തിനെപ്പറ്റി ഒരു ധാരണ ഇല്ലാതിരുന്നതുകൊണ്ടാണു്. ഇന്നാണെങ്കിൽ, ജില്ലാപരിഷത്തു രൂപീകരിച്ചുകഴിഞ്ഞു പലപ്പോഴും നിയമസഭയിൽ ചോദിച്ചിട്ടുള്ളതാണു്, പഞ്ചായത്തു യൂണിയൻ കൗൺസിലും. ജില്ലാ പരിഷത്തും മറ്റു സംസ്ഥാനങ്ങളിൽ ഉള്ളതുപോലെ ഇവിടെ നടപ്പാക്കാൻ ഉദ്ദേശമുണ്ടോ എന്നു്. അപ്പോഴെല്ലാം കിട്ടിയിട്ടുള്ള മറുപടി 'അതിനെപ്പറ്റി ആലോചിക്കാം' എന്നായിരുന്നു. അതു് ഇപ്പോഴും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സ്ഥിതിക്കു് ലാൻഡു ഡിസ്ട്രിക്റ്റു ഡവലപ്മെൻറു കമ്മിറ്റികളുടെ ആവശ്യമില്ലെന്നാണു ഞാൻ പറയുന്നതു്. ആ ചുമതല ജില്ലാ പരിഷത്തിനു വിട്ടുകൊടുക്കണം. അതിനു് ഒരു പ്രത്യേക നിയമനിർമ്മാണം ആവശ്യമുണ്ടു്, കാലതാമസം നേരിടുമെങ്കിൽ ആ കാര്യം ഡിസ്ട്രിക്റ്റു ഡവലപ്മെൻറു കൗൺസിലിനു് വിട്ടുകൊടുക്കണം. അല്ലാതെ പ്രത്യേകം കമ്മിറ്റി ഉണ്ടാക്കുന്നതു് ആപൽക്കരമായിരിക്കുമെന്നാണു് എനിക്കു പറയാനുള്ളതു്. അനാവശ്യമായ ചെലവുണ്ടാക്കാനുള്ള, ഫലപ്രദമായി കാര്യം നടത്താൻ ഉതകാത്തതായ ഒരു നടപടി ആയിരിക്കും പുതിയ ഡിസ്ട്രിക്റ്റു ഡവലപ്മെൻറു ലാൻഡു കമ്മിറ്റികളുടെ രൂപവൽക്കരണം. പലതരത്തിലുള്ള കമ്മിറ്റികളും ഉണ്ടാക്കി, കുറേ ഉദ്യോഗസ്ഥന്മാരുടെ എണ്ണം വർദ്ധിപ്പിക്കാമെന്നല്ലാതെ, കൃഷിക്കു കാര്യമായി എന്തെങ്കിലും അഭിവൃദ്ധി കൈവരുത്താൻ ഈ നടപടി ഒരുതരത്തിലും സഹായിക്കുകയില്ല എന്ന അഭിപ്രായമാണെനിക്കുള്ളതു്. അതുകൊണ്ടു് ഒരു നിയമംമൂലം ജില്ലാപരിഷത്തിനെ ഇതിൻറെ ചുമതല ഏൽപ്പിക്കാൻ താമസം നേരിടുമെങ്കിൽ, തൽക്കാലം ജില്ലാ വികസന കൗൺസിലുകൾതന്നെ ഈ ചുമതല വഹിക്കുകയും, കാലവിളംബം കൂടാതെ ജില്ലാ പരിഷത്തുകൾക്കു ഇതിൻറെ ചുമതല ഏൽപിച്ചുകൊടുക്കുകയും ചെയ്യണമെന്നാണു് എനിക്കു പറയാനുള്ളതു്. അതുകൊണ്ടു് കൂടുതൽ പ്രയോജനം ഉണ്ടാകുമെന്നാണു് എൻറെ അഭിപ്രായം.

മറ്റൊരുകാര്യം ബഹുമാനപ്പെട്ട ഗവണ്മെൻറിൻറെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളതു്, ലാൻഡു ഡവലപ്പ്മെൻറുമൂലം പാട്ടത്തിൻറെ നിരക്കു വർദ്ധിപ്പിക്കുന്നതിനെപ്പറ്റിയാണു്. കാർഷികാഭിവൃദ്ധിക്കുവേണ്ടി വായ്പകൊടുക്കുകയാണെങ്കിൽ അതിനു പലിശ ഈടാക്കുകയാണെങ്കിൽ അതു മനസ്സിലാക്കാം. ഭൂമിയിൽ എന്തെങ്കിലും അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെങ്കിൽ അതിൻറെ അടിസ്ഥാനത്തിൽ പാട്ടം വർദ്ധിപ്പിക്കുമെന്നു പറയുന്നതു് വളരെ സങ്കടമാണു്. കാര്യമായി അതിൽ വല്ല മാറ്റവും വരുത്താൻ സാധിക്കുന്നില്ലെങ്കിൽ ഈ ബില്ലിൻറെ പ്രയോഗത്തിൽ ആശിക്കുന്ന പ്രയോജനം ഉണ്ടാകാതെപോകുന്നതാണു്.

ക്ഷേമവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്) : സർ, ഇതു സംബന്ധിച്ചു നടന്ന ചർച്ചകളിൽ രണ്ടു പ്രധാന പ്രശ്നമാണു് ഉന്നയിച്ചിട്ടുള്ളതു്. ഏതെങ്കിലും ഭൂമിയിൽ അഭിവൃദ്ധി വന്നതിൻറെ ഫലമായിട്ടു കൂടുതൽ ഉൽപ്പാദനം ഉണ്ടാകുകയാണെങ്കിൽ ഭൂമിയുടെ ഉടമസ്ഥന്മാർ സ്വൽപം പാട്ടം കൂട്ടി കൊടുക്കണമെന്നു ഈ ബില്ലിൽ അവകാശപ്പെടുന്നതു ശരിയല്ല എന്നാണു് അതിൽ ഒരു വാദം. ആ വ്യവസ്ഥ മാറ്റണമെന്നുള്ളതാണു് പ്രധാനമായിട്ടും പറഞ്ഞിട്ടുള്ളതു്. ശ്രീ. ബലറാം ഈ ബില്ലിൻറെ തന്നെ ആവശ്യമുണ്ടോ എന്നു സംശയം ഉന്നയിച്ചു. ജില്ലാപരിഷത്തുബിൽ സെലക്റ്റു കമ്മിറ്റി സ്റ്റേജിൽ ആണു്. ജില്ലാ പരിഷത്തു ബില്ലും പഞ്ചായത്തു ബില്ലും വന്നിരിക്കുന്ന നിലക്കു ഈ ബില്ലിൻറെ ആവശ്യമുണ്ടോ എന്നുള്ള കാര്യം പുനഃപരിശോധന ചെയ്യാവുന്നതാണു്. ഇപ്പോഴും ഈ ബിൽ അവതരിപ്പിക്കേണ്ട ആവശ്യമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ലാൻഡ് ഡവലപ്പ്മെൻറ് ജോലികളും നടത്തുന്നതിനു ബുദ്ധിമുട്ടു വന്നിട്ടുണ്ട്. ഇതു എങ്ങനെ പരിഹരിക്കാമെന്നുള്ള പരീക്ഷണാർത്ഥമാണു് ഈ ബിൽ കൊണ്ടു വന്നിരിക്കുന്നതു്. വാസ്തവത്തിൽ പരീക്ഷണം മാത്രമല്ല. ഇന്നു ഇതൊരു ആവശ്യമായി വന്നിരിക്കുകയാണു്. പുതിയ ജില്ലാ പരിഷത്തുകളും പഞ്ചായത്തുകളും മറ്റും വരുന്നതുകൊണ്ടു ഇതു റിഡൻറൻറാണെന്നുള്ള വാദം സ്വീകാര്യമല്ല. പല പ്രവർത്തനങ്ങൾക്കും ഇന്നു കാലതാമസം നേരിടുന്നുണ്ടു്. അതു ഒഴിവാക്കുന്നതിനു ആവശ്യമായ ഏർപ്പാടുകളും വേണമെന്നു കരുതി ഇതു കൊണ്ടുവന്നിട്ടുള്ളതാണു്. ജില്ലാ പരിഷത്തു ബിൽ പാസ്സാക്കുമ്പോൾ ഇപ്പോഴുള്ള പ്രവർത്തനങ്ങൾക്കു മതിയായ വ്യവസ്ഥകളും ജില്ലാ പരിഷത്തു ആക്ടിൽ ഉണ്ടെന്നു കാണുകയും അതിൻറെ പ്രവർത്തനഫലമായി ഇങ്ങനെയൊരു നിയമം ആവശ്യമില്ല എന്നു കാണുകയും ചെയ്താൽ ഇതു മാറ്റാം എന്നുള്ളതല്ലാതെ ഈ ബില്ലിൽ അതുമായി ബന്ധപ്പെടുത്തേണ്ട ആവശ്യമില്ല. ബോർഡിൻറെ കാൺസ്റ്റിറ്റ്യൂഷനിൽ തെരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാർ പ്രതിനിധീകരിക്കണമോ, എം. എൽ. എ.മാർ ഉണ്ടായിരിക്കണമോ എന്നുള്ളതെല്ലാം ഇവിടെ ചർച്ചാവിഷയമാക്കിയിട്ടുണ്ടു്. അതിനെക്കുറിച്ചു് ചില അമെൻഡുമെൻറ്സ് ഉണ്ടു്. ആ അമെൻറുമെൻറ്സ് സഭയുടെ മുമ്പാകെ വരുമ്പോൾ അതിനെപ്പറ്റിയെല്ലാം ചർച്ച ചെയ്യാവുന്നതാണു്. ആ നിലയിൽ ഈ ബിൽ പരിഗണനയ്ക്കു എടുക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

The question that the Kerala Land Development Bill, 1964, as reported by the Select Committee be taken into consideration was put and carried.

The Bill was taken into consideration.

Clause 2

The question that Clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

Clause 3

Mr. Speaker: Amendment No. 1 is in the name of Shri K. Moideenkutty Haji. The hon. Member is not in his seat.

Amendment No. 2 may be moved by Shri M. Narayana Kurup.

Shri M. Narayana Kurup: Sir, I move amendment No. 2:

In clause 3, after sub clause (5) add the new sub clause (6) and renumber the other sub clause:

"(6) No proceedings of the Board or of the District Committee shall be invalid solely on account of any irregularity in their constitution or any vacancy thereof".

സർ, എൻറെ ഭേദഗതിയുടെ ഉദ്ദേശം സാങ്കേതികമായിട്ടുള്ള വല്ല ന്യൂനതകളുംകൊണ്ടു ബുദ്ധിമുട്ടുകളുണ്ടാകുന്നുവെങ്കിൽ അവ പരിഹരിക്കണമെന്നുള്ളതിനാണു്. എന്നുമാത്രവുമല്ല, നമ്മുടെ ബോർഡുകളും കമ്മിറ്റികളും പുനഃസംഘടിപ്പിക്കണമോ എന്നുള്ള സംശയം പ്രകടിപ്പിച്ചവരും അതിൻറെ നടപടിക്രമത്തിൻറെ സാധുതയെപ്പറ്റി ചോദ്യം ചെയ്യപ്പെട്ടവരും ഉണ്ടു്. ചിലപ്പോൾ കമ്മിറ്റികളും മുഴുവൻ അംഗങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ടു് പൂർണ്ണമായി സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടായിരിക്കുകയില്ല. ചിലപ്പോൾ അതിനുശേഷം ചില ഒഴിവുകളും വന്നേക്കും. അങ്ങനെ വരുന്ന സന്ദർഭങ്ങളിൽ കമ്മിറ്റി വല്ല തീരുമാനവും എടുത്താൽ അതു ശരിയായിരിക്കുമോ ഇല്ലയോ എന്നുള്ളതിനെപ്പറ്റി ചിലപ്പോൾ സംശയം ഉണ്ടാകാം. ഇത്തരം ബോർഡുകളോ കമ്മിറ്റികളോ സംഘടിപ്പിക്കുന്ന എല്ലാ നിയമങ്ങളിലും ഞാൻ പറഞ്ഞ മാതിരിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പ്]

വകുപ്പുകൂടി എഴുതി ചേർക്കാറുണ്ട്. അതു ഒരു കരുതൽ മട്ടിലാണ് ചെയ്യുന്നതു്. അങ്ങനെ കോടതിയിൽ പോകേണ്ടിവരികയാണെങ്കിൽ അതിനെ മുൻകൂട്ടി കാണുക മാത്രമേ ചെയ്യുന്നുള്ളൂ. ഗവണ്മെൻറിനു ഈ ഭേദഗതി ആവശ്യമാണു്, സഹായമാണു് എന്നു വരികയാണെങ്കിൽ ഇതു പ്രത്യേകമായി തന്നെ എഴുതി ചേർക്കുന്നതിൽ വിരോധമില്ല. ഈ ഭേദഗതി ആവശ്യമാണെന്നാണു് എനിക്കു തോന്നുന്നതു്.

ശ്രീ. ഈ. പി. പൗലോസു് : ഈ വ്യവസ്ഥ നിയമത്തിൽ ചേർക്കുന്നതു കൊണ്ടു ബുദ്ധിമുട്ടു ഇല്ല. ശ്രീ. കുറുപ്പു ചൂണ്ടിക്കാണിച്ചതുപോലെ ഭേദഗതി ഉണ്ടായേപറ്റൂ. ക്ലാസ്സു് 3 ബോർഡിനെ സംബന്ധിച്ചാണു്. കമ്മിറ്റിയെ കുറിച്ചു് ക്ലാസ്സു് 30 കഴിഞ്ഞു 31–ാമതായി വ്യവസ്ഥ ചെയ്യാം.

Amendment No. 2 moved by Shri. M. Narayana Kurup was by leave, withdrawn.

The question that clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clauses 4 to 8

The question that Clauses 4 to 8 stand part of the Bill was pu and carried.

Clauses 4 to 8 were added to the Bill.

Clause 9

Mr. Speaker: Amendment No. 3 may be moved by Shri M. Narayana Kurup.

Shri M. Narayana Kurup: Sir, I move amendment No. 3

In clause 9, delete the word 'and' at the end of clause 'e' of sub section (2), add the following new clause 'f' and re-numbe:

" 'f' the obligations of owners under the Scheme and the estimate of costs payable by them; and "

സർ, ഈ ബില്ലിന്റെ പ്രവർത്തന സമ്പ്രദായം നോക്കിയാൽ നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നതു ഭൂമി കൈവശക്കാരനോ ഉടമസ്ഥനോ നഷ്ടം ഉണ്ടായാലും ഇല്ലെങ്കിലും ഇത്തരം പദ്ധതികൾ നടപ്പാക്കി അതിനു ആവശ്യമായി വരുന്ന ചെലവു സംഖ്യ എന്താണോ അതു അതാതു വിഭാഗക്കാരിൽ നിന്നും ഈടാക്കണമെന്നാണു് വ്യവസ്ഥ. മറെറാരു രീതിയിൽ പറഞ്ഞാൽ പദ്ധതിക്കുവേണ്ടി എത്ര സംഖ്യ ചെലവാകുമെന്നും അതു ആരുടെയെല്ലാം കയ്യിൽ നിന്നും എത്ര വീതം ഈടാക്കണമെന്നുമാണു് ക്ലാസ്സു് 9–ലെ പ്രതിപാദ്യം. ഇതിൽ ചിന്തിക്കേണ്ട കാര്യം പദ്ധതി ആ പ്രദേശത്തു തന്നെ നടത്തുമോ, പിന്നീടു് ആക്ഷേപങ്ങൾ കേട്ടു അവസാനമായി പരിശോധന നടത്തുമോ എന്നതാണു്. എന്റെ ഭേദഗതിയുടെ ഉദ്ദേശം. അങ്ങനെ പരിശോധനനടത്തുമ്പോൾ ചില വിവരങ്ങൾ ഈ ബില്ലിൽ അടങ്ങിയിരിക്കണമെന്നുപറയുന്നതിൽ ഓരോ വിഭാഗക്കാരും എത്ര ചെലവു വഹിക്കേണ്ടിവരും സുമാർ എന്നുള്ള കാര്യം ഇതിൽ പറഞ്ഞിട്ടില്ല. അതിന്റെ പ്രധാനഭാഗം ജനങ്ങളെമസംബന്ധിച്ചിടത്തോളം ഇതിനെ മുൻനിറുത്തിയുള്ളതാണു്. ഇത്തരം വിവരങ്ങൾ കൂടി പ്രസിദ്ധീകരണത്തിൽ ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാണു്. അതുംകൂടി ഉൾക്കൊള്ളിക്കുവാനാണു് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ് : പ്രായോഗികമായി അതിൽ ബുദ്ധിമുട്ട് ഉണ്ട്. ഏതാണ്ട് എസ്റ്റിമേറ്റ് തയാറാക്കുകയും സാമ്പത്തിക ബാദ്ധ്യത പരസ്യം വഴി ജനങ്ങളെ അറിയിക്കുകയുമല്ലാതെ പ്രായോഗികമായി ഭേദഗതി സ്വീകരിക്കുവാൻ ബുദ്ധിമുട്ട് ഉണ്ട്. ആദ്യത്തെ സ്റ്റേജിൽ ബുദ്ധിമുട്ട് ഉണ്ടാകും. ഇപ്പോഴും തന്നെ മറ്റു പലതിലും ഈ മാതിരി വ്യവസ്ഥയില്ല. എന്തെല്ലാം ബാദ്ധ്യതകളും വരുമെന്നൊരു സാമാന്യരൂപം വരുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയാറാക്കി പ്രസിദ്ധപ്പെടുത്താവുന്നതാണ്. അല്ലാതെ ഭേദഗതി സ്വീകരിക്കുന്നതിൽ പ്രായോഗികമായ വിഷമം ഉണ്ടാകും.

Amendment No. 3 moved by Shri. M. Narayana Kurup, was by leave, withdrawn.

The question that Clause 9 stands part of the Bill was put and carried.

Clause 9 was added to the Bill.

Clause 10

Mr. Speaker: Amendment No. 4 is in the name of Shri. K. Moideenkutty Haji. The hon. Member is not in his seat.

Amendment Nos. 5 and 6 may be moved by Shri. M. Narayana Kurup.

Shri M. Narayana Kurup: Sir, I move amendment No 5 and 6:

5. In clause 10, sub clause (3) after the word 'effect' add 'with copies of the draft Scheme'. and

6. In clause 10, add the new sub claese (4):

"(4) Copies of the draft Scheme shall be made available to affected persons on payment of the prescribed cost".

സർ, ഇതിൽ അഞ്ചാമത്തെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് നോട്ടീസ് കൊടുക്കുമ്പോൾ ഡ്രാഫ്റ്റിന്റെ സ്റ്റീമിന്റെ കാപ്പികൂടി ഓരോരുത്തർക്കും നൽകണമെന്നുള്ളതാണ്. നോട്ടീസ് കൊടുക്കുന്നതിന്റെ ആവശ്യവും പ്രാധാന്യവും ഇവിടെ സൂചിപ്പിച്ചിട്ടുള്ളതാണ്. ഏതൊരു നടപടിക്രമത്തിലും അന്യായമോ ഹർജിയോ കൊടുക്കുമ്പോൾ അതിനു നോട്ടീസ് കൊടുക്കുന്നതിനോടൊപ്പം അതിന്റെ കാപ്പി കൂടി കൊടുക്കുക എന്നൊരു സമ്പ്രദായം ഉണ്ട്. അതില്ലെങ്കിൽ വളരെ വിഷമവും നേരിടും. ഇതു സൂക്ഷ്മമായി പരിശോധിച്ചു, എന്തെല്ലാമാണ്, ആരെയെല്ലാം ഇതു എങ്ങനെ ബാധിക്കുമെന്നുള്ളതു പരിശോധിക്കേണ്ട കാര്യമാണ്. താലൂക്ക് ആഫീസിലോ ഗവണ്മെന്റ് ആഫീസിലോ അതിന്റെ കോപ്പിയിട്ട എന്നുള്ളതുകൊണ്ടു മാത്രം പൊതുജനങ്ങൾക്കു പ്രയോജനം ഉണ്ടാകുകയില്ല. മാത്രവുമല്ല, ഇതു പരിശോധിക്കുന്നതിനു വിദഗ്ദ്ധമായി അന്വേഷിക്കേണ്ടതായി വരും. ആ നിലയിലും ഇതിന്റെ പകർപ്പു ആവശ്യമാണ്. അങ്ങനെ ഒരു പകർപ്പു ബന്ധപ്പെട്ട കക്ഷിക്കുകൂടി കൊടുക്കണമെന്നാണ് എന്റെ അഞ്ചാമത്തെ ഭേദഗതികൊണ്ടു ഉദ്ദേശിച്ചിരിക്കുന്നത്. ആ ഭേദഗതി സ്വീകരിക്കുവാൻ ഗവണ്മെൻറിനു സാദ്ധ്യമല്ലെങ്കിൽ കക്ഷികൾ ഇതിന്റെ ചെലവുവഹിക്കുവാൻ തയാറായി വരികയാണെങ്കിൽ ഒരു നിശ്ചിതതുക വസൂലാക്കിക്കൊണ്ട് അതിന്റെ കാപ്പി ആവശ്യക്കാരനു കൊടുക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യണം. അതിനാണ് എന്റെ ആറാമത്തെ ഭേദഗതി. ഗവണ്മെൻറിനു ഇതെങ്കിലും സ്വീകരിക്കുന്നതിനു വിരോധം ഉണ്ടായിരിക്കുകയില്ല എന്നു ഞാൻ വിശ്വസിക്കുകയാണ്.

ശ്രീ. ഇ. പി. പൗലോസ് : പ്രായോഗികമായി വളരെ ബുദ്ധിമുട്ടുണ്ട്. ആറു ഏക്കർ ഭൂമിയേയും മറ്റും ബാധിക്കുന്ന സായിൽ കൺസർവേഷൻ പദ്ധതിയും മറ്റും നടപ്പാക്കുമ്പോൾ അതിനകത്തു നൂറമ്പതോ, ഇരുന്നൂറോ കുടുംബങ്ങൾ കൈവശക്കാരായി കാണും. അവർക്ക് ഓരോരുത്തർക്കും ഇതിന്റെ ഡ്രാഫ്റ്റിന്റെ കോപ്പി കൊടുക്കുന്നതിനു ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. നാരായണൻ : ആറാമത്തെ ഭേദഗതിപ്രകാരം ചെലവു വഹിക്കാമെന്നവച്ചാൽ പിന്നെ എന്താണു് പ്രയാസം ?

ശ്രീ. ഇ. പി. പൗലോസു് : പ്രായോഗികമായ ബുദ്ധിമുട്ടുണ്ടു്. ഓരോ സ്റ്റീമിനേറിയും പത്തും ഇരുന്നൂറും കാപ്പി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുവാനും കൊടുക്കുവാനും വളരെ ബുദ്ധിമുട്ടുണ്ടു്. മാത്രവുമല്ല മറ്റു സംസ്ഥാനങ്ങളിലൊക്കെ ഇതുപോലെ ഒരു വ്യവസ്ഥയില്ലാത്തതുകൊണ്ടു ബുദ്ധിമുട്ടു നേരിട്ടതായി അറിവും ഇല്ല. അതുകൊണ്ടു ഈ ഭേദഗതികൂടി സ്വീകരിക്കുവാൻ നിവൃത്തിഹമില്ല.

Amendments Nos. 5 and 6 moved by Shri. M. Narayana Kurup were by leave withdrawn.

The question that Clause 10 stands part of the Bill was put and carried.

Clause 10 was added to the Bill.

Clause 11

The question that clause 11 stands part of the Bill was put and carried.

Clause 11 was added to the Bill.

Clause 12

Mr. Speaker: Amendments Nos. 7 and 8 may be moved by Shri. M. Narayana Kurup.

Shri M. Narayana Kurup: I move amendment Nos. 7 and 8:

7. In clause 12, sub clause (2), after the word 'may' in line one add 'after giving an opportunity, if it thinks fit, to the affected owners to be heard'.

and 8. In clause 12, sub clause (3) add the following at the end:

"The Government may, if it thinks fit, give an opportunity to the affected owners to be heard, before taking the decision"

സർ, ഇതിൽ ഏഴാമത്തെ ഭേദഗതികൊണ്ടു ഉദ്ദേശിച്ചിരിക്കുന്നതു് സാധാരണഗതിയിലുള്ള സാമാന്യനീതി മുൻനിറുത്തണമെന്നുള്ളതാണു്; എന്തൊരു കാര്യം തീരുമാനിക്കുമ്പോഴും അതു ബാധിക്കുന്ന ആളുകൾക്കു ഒരവസരംകൂടി നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. അതിൽ മന്ത്രിക്കു വിരോധം ഉണ്ടാകുമെന്നു തോന്നുന്നില്ല.

എട്ടാമത്തെ ഭേദഗതി ഗവണ്മെൻറിനു അങ്ങനെ അഭിപ്രായമുള്ളപക്ഷം നോട്ടീസു് അയയ്ക്കണമെന്നു മാത്രമേയുള്ളൂ. അതു ഗവണ്മെൻറിനു തന്നെ വിട്ടുകൊടുത്തിട്ടുള്ള വിവേചനാധികാരമാണു്.

ശ്രീ. ഇ. പി. പൗലോസു് : ഇതു് രണ്ടും പ്രത്യേകമായിട്ടു് വ്യവസ്ഥ ചെയ്യാതെ നടത്താവുന്നതാണു്. ഇതിൽ ബന്ധപ്പെട്ട ആളുകൾക്കു് ആക്ഷേപം കൊടുക്കുന്നതിനും ആ ആക്ഷേപം ന്യായമായിട്ടു പരിശോധിച്ചു തീരുമാനം ചെയ്യുന്നതിനും ഒരു വ്യവസ്ഥ ചെയ്യാതെ തന്നെ തീർച്ചയായിട്ടും
11 a. m. ലാൻഡ് ബോർഡിനു് അതു് ചെയ്യേണ്ട കടമയുണ്ടു്. അവർ അതു് ചെയ്യുന്നതിനു് നിർബന്ധിതരാണു്. സ്വാഭാവികമായ രീതിക്കു് വിരുദ്ധമായിട്ടു് ഒരു നാച്വറൽ ജസ്റ്റീസു് നടന്നിട്ടില്ല. പാർട്ടിയുടെ ആക്ഷേപങ്ങളും വാങ്ങിക്കൊണ്ടു് അതിൽ ഫൈനലായിട്ടുള്ള ഒരു തീരുമാനം ചെയ്യുകയെന്നുള്ള പ്രൊസീഡിയർ ആണു് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളതു്. അതുകൊണ്ടു് ഇതിൽ പ്രത്യേകമായിട്ടു് വ്യവസ്ഥ ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതു പോലെ ഹൈക്കോടതിയുടെ ഉത്തരവിനെ അടിസ്ഥാനമാക്കിയാണ് ഈ ഭേദഗതി അവതരിപ്പിക്കാൻ ഇടയായത്. ഹൈക്കോടതി വിധിയിൽ മാനർ പ്രീസ് ക്രൈബ് ചെയ്യുകയെന്ന പറഞ്ഞിട്ടുള്ളതുകൊണ്ട് ഈ സഭയിൽ ട്രേപരിഷ് ക്കരണ ബിൽ പാസ്സാക്കിയ അവസരത്തിൽ 'ഡ്യൂ എൻകുബറി' എന്നു ബഹുമാനപ്പെട്ട മന്ത്രി ഉദ്ധരിച്ച വാക്കുകളും ഞാൻ ഓർക്കുകയാണ്. അങ്ങനെ നോട്ടീസ് കൊടുക്കാതെ ഒരു തീരുമാനം എടുത്താൽ അതു ഹൈക്കോടതിയിൽ പോയാൽ റദ്ദാകും. പക്ഷെ ഈ ആളുകളെയെല്ലാം ഇങ്ങനെ ഹൈക്കോടതിയിൽ പോകാൻ നിർബന്ധിക്കണമോ, അതോ സാധാരണ നിലയിൽ നോട്ടീസ് കൊടുക്കുകയും, അതനുസരിച്ച് പ്രവർത്തിക്കാതെ ഇരിക്കുമ്പോൾ അതിനുള്ള നടപടികളും എടുക്കുകയും ചെയ്യേണ്ടതാണോ ആവശ്യം. ഈവക ദുർഘടങ്ങളും വരുമെന്നു മനസ്സിൽവച്ചുകൊണ്ടാണ് നോട്ടീസ് കൊടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നതു്. മാനർ 'പ്രീസ് ക്രൈബ് ഡ്' ഏന്നു പറഞ്ഞിട്ടു കാര്യമില്ല, അപ്പോഴും ഡ്യൂ എൻകുബറി ആകുകയില്ല. അല്ലെങ്കിൽ നാചുറൽ ജസ്റ്റീസ് എന്നുള്ളതു് നടപ്പിലാക്കണമെങ്കിൽ ഇങ്ങനെ കോടതിയിൽ പൊയ്ക്കൊള്ളട്ടെ എന്നുള്ള മനോഭാവം ഉപേക്ഷിച്ച് എന്റെ ഭേദഗതി സ്വീകരിക്കണമെന്നും ഒന്നുകൂടി ഞാൻ മന്ത്രിയോടു അപേക്ഷിക്കുകയാണ്.

ശ്രീ. ഇ. പി. പൗലോസ് : കോടതിയിൽ അങ്ങനെ പോകേണ്ട സ്ഥിതി വരികയില്ല. കോടതിയിൽ പോയാൽ അസ്ഥിരപ്പെടുത്തണമെന്നുള്ള കാരണംകൊണ്ട് ഇങ്ങനെയുള്ള പരാതികളിൽ തീരുമാനം എടുക്കാമെന്നാണ് ഞാൻ പറയുന്നതു്. അതുകൊണ്ട് കോടതിയിൽ പോകേണ്ട അവസരം ഉണ്ടാകുകയില്ല. ഇതിന്റെ നടപടികളെ സംബന്ധിച്ച് ചട്ടങ്ങളും ഉണ്ടാക്കുന്നുണ്ട്. അപ്പോഴും വേണമെങ്കിൽ ഇതുകൂടി ചേർക്കാവുന്നതാണ്. അല്ലാതെ ഇപ്പോൾ ഇതിൽ എഴുതിചേർക്കേണ്ട ആവശ്യമില്ല.

Mr. Speaker: Do you press your amendments Nos. 7 and 8, Mr. Narayana Kurup ?

Shri M. Narayana Kurup: I do not press my amendments Nos 7 and 8.

Amendments Nos. 7 and 8 moved by Shri M. Narayana Kurup were, by leave, withdrawn.

The question that Clause 12 stands part of the Bill was put and carried.

Clause 12 was added to the Bill.

Clause 13

The question that Clause 13 stands part of the Bill was put and carried.

Clause 13 was added to the Bill.

Clause 14

Shri M. Narayana Kurup : Sir, I move:

"9. In clause 14, sub-clause (2) after the words '15 days' the words "or within such further time allowed by the District Committee" shall be added. ഇതിൽ പതിനഞ്ചു ദിവസം എന്നുപറഞ്ഞിട്ടുണ്ട്. ഇതുമാത്രം നില്ക്കുകയാണെങ്കിൽ ആ സമയപരിധിക്കുള്ളിൽ അതിനെസംബന്ധിച്ചുള്ള ആക്ഷേപം കൊടുക്കാൻ സാധിച്ചില്ലെങ്കിൽ കൂടുതൽ സമയം അനുവദിച്ചു കൊടുക്കാൻ ജില്ലാ കമ്മിറ്റിക്കു കൂടി ഇത്തരത്തിലുള്ള അധികാരം കൊടുക്കേണ്ടതാവശ്യമാണ്. അതുകൊണ്ട് അങ്ങനെയുള്ള അധികാരം തടയേണ്ട ആവശ്യമില്ലെന്നുള്ള ഉദ്ദേശത്തിലാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്.

ശ്രീ. ഈ. പി. പൗലോസു് : ഞാൻ ഈ ഭേഗതി സ്വീകരിക്കുന്നു.

Amendment No. 9 moved by Shri M. Narayana Kurup that 'In clause 14, sub-clause (2) after the words '15 days' the words "or within such further time allowed by the District Committee'" shall be added was put and carried.

The question that Clause 14, as amended, stands part of the Bill was put and carried.

Clause 14, as amended, was added to the Bill.

Clause 15

Shri M. Narayana Kurup : Sir, I move :

"10. In clause 15, sub-clause (1) after the word 'Government' in line seven, delete the following "with such alteration or modification as the Government deem necessary."

സർ, ഇതു് സെലക്ടുകമ്മിറ്റി ഉൾപ്പെടുത്തിയിട്ടുള്ള ഒരു ഭേഗതിയാണു്. ഇതു് ശരിയല്ല, അതുകൊണ്ടു് അതു് ഡിലീറ്റു ചെയ്യണമെന്നാണു് എന്റെ ഭേഗതി. ഇങ്ങനെയൊരു ഭേഗതി സെലക്ടുകമ്മിറ്റി പതിനഞ്ചാം വകുപ്പിൽ എഴുതിചേത്തപ്പോൾ അതിന്റെ മുഴുവൻ വ്യാപ്തിയും എന്താണെന്നു് സെലക്ടുകമ്മിറ്റി ധരിച്ചിട്ടുണ്ടോയെന്നു് സംശയമാണു്. അങ്ങനെ ധരിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള ഒരു ഭേഗതി ഉണ്ടാകുമായിരുന്നുവോ. ഇതിനോടു് അനുബന്ധമായിട്ടുള്ള 17-ാം വകുപ്പു വായിച്ചുനോക്കിയാൽ ഇതു് മനസിലാകും. 17-ാം വകുപ്പിൽ എന്താണു് പറയുന്നതു്. 'Any owner or other person liable to pay the expenses under section 14 or to contribute towards expenses. Under section 15, who objects to the amount of such liability may, by written application to the District Committee, stating the grounds on which objection is taken, require that the matter may be referred for the determination of the Court എന്നാണു്. കാൺടിബ്യൂഷൻ എന്നു പറയുന്നതു് പതിനാറാം വകുപ്പിലാണു്. പതിനഞ്ചാമത്തെ വകുപ്പിൽ കാൺടിബ്യൂഷൻ എന്നുള്ള ഒരു വാക്കേയില്ല. അതുകൊണ്ടു് പതിനഞ്ചു് എന്നുള്ളതു് പതിനാറാമത്തെ വകുപ്പിനെ ഉദ്ദേശിച്ചാണെങ്കിൽ അതിനെ പതിനാറു് എന്നാക്കണമെന്നാണു് എന്റെ ഭേഗതികൊണ്ടു് ആവശ്യപ്പെടുന്നതു്. എന്റെ ഭേഗതിശരിയാണെന്നു് എനിക്കു് വലിയ ഉറപ്പൊന്നുമില്ല. ഇതു് എന്താണെന്നു് ബഹുമാനപ്പെട്ട മന്ത്രി വിശദമാക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഒരു പദ്ധതിയെപ്പറ്റിയും അതിന്റെ ചെലവിനെപ്പറ്റിയും ഒരു അവസാന തീരുമാനമുണ്ടാകുന്നതു് എങ്ങനെയാണെന്നുവെച്ചാൽ, ഒരു പ്രാരംഭ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കും. അതിനു ശേഷം പരാതികളോ, ആവലാതികളോ കേൾക്കുന്നു. ഒടുവിൽ ബന്ധപ്പെട്ട കമ്മിറ്റിയോ, ബോർഡോ, ഗവണ്മെന്റോ എന്തെങ്കിലും സ്ഥാപനങ്ങളോ അതിലൊരു തീരുമാനം എടുക്കുന്നു. 15—ാം വകുപ്പുകൊണ്ടു് ഉദ്ദേശിക്കുന്നതു്, ഇങ്ങനെ അവസാന തീരുമാനം ഉണ്ടായിട്ടുള്ള ഒരു പദ്ധതിയെ വേണമെങ്കിൽ രണ്ടാമതു് ഗവണ്മെൻറിനു് ഇഷ്ടംപോലെ മാറ്റാമെന്നാണു്. അതിന്റെ ആവശ്യമില്ല. പ്രാരംഭ നോട്ടിഫിക്കേഷനും, അന്വേഷണവും എല്ലാംകഴിഞ്ഞു അവസാനതീരുമാനം എടുത്തിട്ടുള്ള ഒരു പദ്ധതിയുടെ രൂപത്തെ ഇങ്ങനെ ആകമാനം മാറ്റുന്നതിനു് അനുവാദം കൊടുക്കുന്ന ഈ ഭേഗതിയുടെ ആവശ്യം ഒട്ടും തന്നെയില്ല. ആയിരം രൂപയുടെ ഒരു പദ്ധതിയാണു് ആലോചിച്ചു് തീരുമാനിച്ചതെങ്കിൽ അതിനെ പതിനായിരം രൂപയുടെ ഒരു പദ്ധതിയാക്കാം. അങ്ങനെ യാതൊരു നിയന്ത്രണവും ഇതിൽ ഏർപ്പെടുത്തിയിട്ടില്ല. സെലക്ടുകമ്മിറ്റി ഭേഗതിയാൽ 'with such alteration or modification as the Government deem necessary' എന്നാണു് പറഞ്ഞിട്ടുള്ളതു്. അതുകൊണ്ടു് അക്കാര്യത്തിൽ ഗവണ്മെൻറിന്റെ അധികാരത്തെ നിയന്ത്രിക്കുന്ന യാതൊരു വകുപ്പും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗവണ്മെൻറിനു് അധികാരം കൊടുക്കുന്നതിൽ എനിക്കു്

LIBRARY ARCHIVES Kerala Legislative Assembly

ആക്ഷേപമില്ല. പക്ഷെ ഗവണ്മെൻറിനു് ഇങ്ങനെ ഇഷ്ടംപോലെ മാറാവുന്ന അധികാരം കൊടുത്തു് അവർ ഇതിൽ ഒരു തീരുമാനം എടുക്കുന്നതിൽ ബന്ധപ്പെട്ട കക്ഷികളെപോലും അറിയിക്കുന്നതിനുള്ള വ്യവസ്ഥ ഇതിലില്ല. ആദ്യം നോട്ടീസു് കൊടുത്തു് അതിലാവശ്യമായ നടപടികളെല്ലാം സ്വീകരിച്ചു് ഒരു അവസാന തീരുമാനം എടുത്തിട്ടുള്ള പദ്ധതിയുടെ രൂപത്തെ ആകപ്പാടെ മാറ്റി മറിക്കുമ്പോഴും ബന്ധപ്പെട്ട കക്ഷികളെ അതു് അറിയിക്കുന്നതിനുള്ള നോട്ടീസു പോലും കൊടുക്കാതെ ഗവണ്മെൻറിനു് ഇഷ്ടംപോലെ അനേഷിച്ചു് നടപ്പിലാക്കാമെന്നാണു് പറഞ്ഞിരിക്കുന്നതു്. എന്നാൽ അതിൻെറ ചെലവു് എല്ലാം ബന്ധപ്പെട്ട ഉടമയോ കൈവശക്കാരനോ കൊടുക്കേണ്ടിവരുമെന്നുള്ള സ്ഥിതിയാണു് വന്നിരിക്കുന്നതു്. അതുകൊണ്ടു് തീർച്ചയായും ഇതു് ശരിയായിട്ടുള്ള ഒരു നടപടിക്രമമല്ല. മറ്റുള്ളവർ നടത്തേണ്ട പദ്ധതികൾ ഗവണ്മെൻറിൽ നിന്നും ഏറ്റെടുത്തു നടത്തണമെന്നുള്ള ഈ ഭേദഗതി വളരെ ശരിയാണെന്നു തോന്നുന്നില്ല. ഇതിൽ 15 എന്നുള്ളതു് 16 എന്നാണെങ്കിൽ 15-ൽ ഇപ്പോഴും വരുത്തിയിട്ടുള്ള ഭേദഗതിയനുസരിച്ചു് കോടതിയിൽ അപ്പീൽ ഉണ്ടാകും. ഗവണ്മെൻറിനു് അന്യായമായി ചെയ്യാവുന്ന ഒരു സംഗതിയാണു് അവരുടെ ആക്ഷേപമെങ്കിൽ എന്തിനു് കോടതിയിൽ പോകണം? തീർച്ചയായും ദൂരവ്യാപകമായ ഫലം ഇതുമൂലം ഉളവാകും; അതുകൊണ്ടു് ഞാൻ എൻെറ ഭേദഗതിയിൽ പറയുന്ന ഭാഗം എടുത്തുകളഞ്ഞാൽ യാതൊരുവിധത്തിലുള്ള ന്യൂനതകളും ഇതിൽ സംഭവിക്കുകയില്ല. മാത്രമല്ല പദ്ധതികളുടെ നടത്തിപ്പിനും അതാവശ്യമാണു്. അതുകൊണ്ടു് എൻെറ ഭേദഗതിമൂലം ആവശ്യപ്പെട്ടന്ന കാര്യം ഇതിൽ സ്വീകരിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്.

ശ്രീ. ഈ. പി. പൗലോസു് : ആകെ ചപലായിട്ടുള്ള സ്കീം ഇതിൽ നടപ്പിൽവരുത്തുമ്പോഴും പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ടു വരികയാണെങ്കിൽ അക്കാര്യത്തിൽ എന്തെങ്കിലും ഭേദഗതിവരുത്തി അതു് പ്രായോഗികമാക്കാനുള്ള അധികാരം ഗവണ്മെൻറിനുണ്ടായിരിക്കേണ്ടതു് ആവശ്യമാണു്. വിശേഷിച്ചും ഈ ഭേദഗതി സെലക്ടുകമ്മിറ്റിയിൽ വളരെയധികം ആലോചിച്ചശേഷം വരുത്തിയിട്ടുള്ളതാണു്. അതല്ലാതെ മറ്റു വകുപ്പുകളനുസരിച്ചു് ഈ ഉടമസ്ഥന്മാർക്കു് അനേഷണം നടത്താനുള്ള അധികാരം, 15-ാംവകുപ്പിൽ ഇപ്പോഴും നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൊണ്ടു വരുത്തണമെന്നു് സെലക്ടു കമ്മിറ്റി ഉദ്ദേശിച്ചിട്ടില്ല. കൂടുതലായിട്ടു സാമ്പത്തിക ബാദ്ധ്യത വരുന്നുവെങ്കിൽ അങ്ങനെയുള്ള കാര്യങ്ങളെല്ലാം ഉൾപ്പെടുത്താനുള്ള അധികാരം ഇതുകൊണ്ടു് കിട്ടുമെന്നു തോന്നുന്നില്ല. അല്ലാതെ പോയാൽ കാര്യങ്ങളൊന്നും മുന്നോട്ടു പോകാൻ പ്രയാസമാണു്. അതുകൊണ്ടു് എന്തെങ്കിലും ഡിസ്ട്രിക്ടു് കമ്മിറ്റിയിൽ നിന്നോ അല്ലെങ്കിൽ ഗവണ്മെൻറിൽ നിന്നോ ഒരു സ്കീം നടപ്പിലാക്കണമെന്നു് നോട്ടീസു് കൊടുത്തു് അതു് ഉടമസ്ഥന്മാരെകൊണ്ടു നടത്തിക്കാതെ ഗവണ്മെൻറിൽ നിന്നും നേരിട്ടു നടത്തണമെന്നു പറയുന്നതു് വലിയ ബുദ്ധിമുട്ടാണു്. അതുകൊണ്ടു് സെലക്ടുകമ്മിറ്റി വരുത്തിയിട്ടുള്ള ഈ ഭേദഗതിയോടുകൂടിതന്നെ ഇതു് പാസാക്കണമെന്നാണു് എനിക്കു പറയാനുള്ളതു്.

Mr. Speaker : Do you press your amendment, Mr. Narayana Kurup ?

Shri M. Narayana Kurup : I do not press.

Amendment No. 10 moved by Shri M. Narayana Kurup was, by leave, withdrawn.

Clause 15 was added to the Bill.

Clause 16

The question that Clause 16 stands part of the Bill was put and carried.

Clause 16 was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 17

Shri M. Narayana Kurup : Sir, I move the following amendmends:

"11. In Clause 17, sub-clause (1) for 'section 15' substitute "section 16.

"12. In clause 17, in the explanation, delete the word 'major.

സർ, ഇതിൽ 11–ാമത്തെ ഭേഗതിയെക്കുറിച്ച് ഞാൻ മുമ്പു പറഞ്ഞിട്ടുള്ളതാണു്. 15-ാമത്തെ വകുപ്പിൽ കാൺടിഞ്ജൻ എന്നുള്ള വാക്കേയില്ല. അതുകൊണ്ടു മാത്രമാണു് ഞാൻ ഈ ഭേഗതികൊണ്ടുവന്നിട്ടുള്ളതു്. അതല്ല പതിനഞ്ചു തന്നെയാണെങ്കിൽ പതിനാറാം വകുപ്പിന്റെ നില എന്താണു്? ഭൂടമകളല്ലാത്ത അകലേയോ അടുത്തോ അതുമായി ബന്ധപ്പെട്ട ആളുകളിൽ നിന്നു് വിഹിതം വസൂലാക്കാൻ വേണ്ടിയാണോ ഇതുകൊണ്ടുദ്ദേശിക്കുന്നതു്. അവക്കുവേണ്ടി മറ്റുള്ളവക്കു് കോടതിയിൽ പോകാനുള്ള അധികാരം ഉണ്ടെങ്കിൽ പതിനാറാം വകുപ്പുപ്രകാരം കോടതിയിൽ പോകാൻ അനുവദിക്കേണ്ടതില്ലല്ലോ. അവരുടെ ഭൂമിയുമായി ബന്ധമില്ല, അതിന്റെ ഗുണം അനുഭവിക്കുന്നില്ല. ഇതു് പതിനഞ്ചു് തന്നെയായി തുടരുകയാണെങ്കിൽ 'പതിനാറു്" എന്നുമാറ്റി ചേർക്കണമെന്നാണു് ഞാൻ കൊടുത്തിട്ടുള്ള ഭേഗതിയുടെ അർത്ഥം. അല്ലെങ്കിൽ പതിനാറാം വകുപ്പിൽ ഒരു ഗവണ്മെന്റോ കമ്മിറ്റിയോ എടുത്ത തീരുമാനത്തിൽനിന്നും അയാൾക്കു് യാതൊരു വിധത്തിലുള്ള ആശ്വാസവും ലഭിക്കുകയില്ല, അയാൾക്കു് കോടതിയിൽ അപ്പീലിനു് പോകാനും നിവൃത്തിയില്ല.

എന്റെ പന്ത്രണ്ടാമത്തെ ഭേഗതി, വ്യവഹാരാധികാരം നടപ്പിലാക്കുക അല്ലെങ്കിൽ ഭൂമി സ്ഥിതിചെയ്യുകയെന്നുള്ളതുകൊണ്ടു് മുഴുവൻ ഭൂമിയോ അല്ലെങ്കിൽ ഏതെങ്കിലും ഭാഗമോ ഏതിനെ സംബന്ധിച്ചാണു് മേജർ എന്നവരുന്നതു്? ഇതിൽ സംശയം വരുന്നതുകൊണ്ടാണു് മേജർ എന്നുള്ളതു് എടുത്തുകളയണമെന്നു് ഞാൻ ഭേഗതിമൂലം ആവശ്യപ്പെടുന്നതു്. അതു് സ്വീകരിക്കുമെന്നു് വിശ്വസിക്കുന്നു.

ശ്രീ. ഈ. പി. പൗലോസു് : സർ, ലീഗലായിട്ടുള്ള കാര്യമാണു് ഇവിടെ ഉന്നയിച്ചിരിക്കുന്നതു്. ഇതിൽ ഒരു വ്യത്യാസം വരുത്തേണ്ട ആവശ്യമില്ലെന്നാണു് ഇതിനെ സംബന്ധിച്ചുള്ള ലീഗൽഅഡൈവസു്. പതിനഞ്ചു് എന്നുള്ളതു് 'പതിനാറു്" എന്നു് സബ്സ്റ്റിറ്റ്യൂട്ടുചെയ്യണമെന്നാണു് ശ്രീ. നാരായണക്കുറുപ്പു് ഇവിടെ ഉന്നയിച്ച വാദം. അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഞാൻ ഈ ഭേഗതികളും സ്വീകരിക്കുന്നില്ല.

Mr. Speaker : Do you press your amendments, Mr. Narayana Kurup ?

Shri M. Narayana Kurup : I do not press.

Amendments Nos. 11 and 12 moved by Shri M. Narayana Kurup were, by leave, withdrawn.

The question that Clause 17 stands part of the Bill was put and carried.

Clause 17 was added to the Bill.

Clause 18 *and* 19

The question that Clause 18 and 19 stand part of the Bill was put and carried.

Clause 18 and 19 were added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 20

Mr. Speaker : Amendment No. 13 by Shri K. Moideen kutty Haji. He is not present. Mr. Narayana Kurup may move his amendment No. 14.

Shri Narayana Kurup : Sir, I move:

14. "In clause 20, add the following new sub-clause (4):

"(4) A copy of the statement prepared under sub-section (1) or revised under sub-section (3) or of any specified portion thereof shall be made available to persons interested on payment of the prescribed cost."

ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു നൂറോ അല്ലെങ്കിൽ അഞ്ഞൂറോ എക്കറേ വലിയ ഭാഗമായി കാണുന്നുള്ളുവെന്നു്. ഞാൻ അതു സമ്മതിക്കുന്നു. പക്ഷേ അതുമായി ബന്ധപ്പെട്ടആളുകൾക്കു് അത്യാവശ്യമായിട്ടുള്ളതു് എന്താണു്? അവരുടെ ബാദ്ധ്യത എന്താണു്? അതിനൊരു രേഖ ഉണ്ടാകേണ്ടതു് വളരെ ആവശ്യമാണു്. ഇന്നു റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിന്നുതന്നെ ഇങ്ങനെയുള്ള സ്റ്റേറ്റുമെൻറുകൾ വില ഈടാക്കിക്കൊണ്ടു് കൊടുക്കുന്നുണ്ടു്. ആ നിലയിൽ ഇവർക്കും അതു കിട്ടണം. അല്ലെങ്കിൽ കൂടിയാലെ സംബന്ധിച്ചു് അപ്പോഴപ്പോൾ ഗവണ്മെൻറിൽനിന്നു കൊടുക്കുന്ന അറിയിപ്പിനെ സംബന്ധിച്ചായിരിക്കും അവരുടെ നില. അതുകൊണ്ടു് ഈ ഭേദഗതി സ്വീകാര്യമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. ഈ. പി. പൗലോസു്: ഓരോരുത്തർക്കും അതിൻെറ എക്സ്ട്രാക്സു് ചോദിച്ചാൽ തയ്യാറാക്കിക്കൊടുക്കുന്നതിനു് ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു് അവർക്കു സൗകര്യമുള്ള സ്ഥലത്തു് അതാതു് പഞ്ചായത്തു് ആഫീസുകളിൽ ഇതിൻെറ കാപ്പി പരസ്യപ്പെടുത്തുന്നതു പരിശോധിക്കുന്നതു നന്നായിരിക്കും. അതുകൊണ്ടു് ഈ ഭേദഗതി സ്വീകരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എം നാരായണക്കുറുപ്പു്: ഇതിൻെറ ഒരു കാപ്പി നോട്ടീസു് ബോർഡിൽ തൂക്കിയാൽ ആഫീസുള്ള കാലമത്രയും തൂങ്ങുമെന്നാണോ വിചാരിക്കേണ്ടതു്.

ശ്രീ. ഈ. പി. പൗലോസു്: എവിടെയെങ്കിലും തൂക്കുകമാത്രമല്ല ചെയ്യുന്നതു് പഞ്ചായത്താഫീസിൽ ഇതിൻെറ കാപ്പി സൂക്ഷിച്ചു വയ്ക്കാനുള്ള ഏർപ്പാടുണ്ടു്. ഇപ്പോഴുംതന്നെ അതിനുള്ള സൗകര്യങ്ങളും ധാരാളമുണ്ടു്.

Mr. Speaker: Mr. Narayana Kurup, do you press your amendment?

Shri M. Narayana Kurup: I do not press.

Amendment No. 14, moved by Shri M. Narayana Kurup, was, by cave, withdrawn.

The question that Clause 20 stands part of the Bill was put and carried.

Clause 20 was added to the Bill.

Clauses 21 *to* 24

The question that Clause 21 to 24 stand part of the Bill was put and carried.

Clause 21 to 24 were added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 25

ശ്രീ. എം. നാരായണക്കുറുപ്പ് : എന്റെ ഭേദഗതി ഇതാണ്:

15. In clause 25, sub-clause (1), after the word 'proceed' add "duly". ഇതിന്റെ ആവശ്യത്തെപ്പറ്റി മുൻപു പറഞ്ഞതാണ്. ഇങ്ങനെയില്ലെങ്കിൽ ഗവണ്മെന്റിന്റെ ചട്ടങ്ങൾ പ്രകാരം ഏതു രൂപത്തിലുള്ള അന്വേഷണമാണ് നടത്തുന്നതെന്ന അറിയുവാൻ പ്രയാസമാണ് അതുകൊണ്ട് ഇതൊരു സാമാന്യ നീതിയുടെ അടിസ്ഥാനത്തിൽ ചേർക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

ശ്രീ. ഈ. പി. പൗലോസ് : മുൻപു പറഞ്ഞ കാരണംകൊണ്ടുതന്നെ ഇതു വേണമെന്നു തോന്നുന്നില്ല.

Mr. Speaker: Mr. Narayana Kurup, do you press your amendment No. 15 ?

Shri M. Narayana Kurup: I do not press.

Amendment No. 15, moved by Shri M. Narayana Kurup, was, by leave, withdrawn.

The question that clause 25 stands part of the Bill was put and carried.

Clause 25 was added to the Bill.

Clauses 26 *to* 30

The question that clauses 26 to 30 stand part of the Bill was put and carried.

Clauses 26 to 30 were added to the Bill.

New Clause after Clause 30

Minister for Food and Agriculture (**Shri E. P. Poulose**): Sir, I move the following amendment.

The following new clause shall be added after clause 30 and the remaining clauses renumbered.

"*Clause* 31:— *Vacancies amongst members or defect in the constitution not to invalidate proceedings of the Board or Committee*: No proceedings of the Board or the District Committee shall be invalid by reason only of the existence of any vacancy amongst its members or any defect in the constitution thereof."

The amendment was put and carried and the new clause adopted.

Clauses 31 *to* 34

The question that clauses 31 to 34 stand part of the Bill was put and carried.

Clauses 31 to 34 were added to the Bill.

Clause 1, *Preamble and Title.*

The question that Clause 1, Preamble and Title stand part of the Bill, was put and carried.

Clause 1, Preamble and Title were added to the Bill.

Mr. Speaker: I call upon the Minister to move for the Third Reading of the Bill.

LIBRARY ARCHIVES Kerala Legislative Assembly

Shri E. P. Poulose: Sir, I move that the Kerala Land Development Bill, 1963, be passed.

Shri T. A. Thomman: I second it.

The question that the Kerala Land Development Bill, 1963, as amended be passed, was put and carried.

The Bill was passed.

[Deputy Speaker in the Chair]

The Kerala Weights and Measures (Enforcement) Amendment Bill, 1964.

Minister for Law and Revenue (**Shri T. A. Thomman**): Sir, I introduce the Kerala Weights and Measures (Enforcement) Amendment Bill, 1964.

Deputy Speaker: The Bill stand introduced.

Shri T. A. Thomman: Sir, I move that the Kerala Weights and Measures (Enforcement) Amendment Bill, 1964, be taken into consideration.

Minister for Food and Agriculture (**Shri E. P. Poulose**): Sir, I second it.

Minister for Law and Revenue (**Shri T. A. Thomman**) : Sir, the Kerala Weights and Measures (Enforcement) Act was enacted in 1958 and it became law from 1958 onwards. The working of the Act has shown the necessity for certain amendments. The amending Bill seeks to amend one of the definition clauses, section 3, and sections 7, 14 and 23 of the original Act and also to insert two new Sections. In the definition 'commercial weights and measures' means 'a weight or measure purporting to be a standard weight or measure used in any transaction for trade or commerce". Now there has been some difficulty with regard to the interpretation of the words 'used in transaction for trade or commerce.' It is therefore considered necessary to insert an appropriate definition for that term in the Act.

Then again section 3 (1) of the Act provides that special sets of working standards in relation to bullion and precious stones may also be prepared. Under the proviso to section 3 (4), a special working standard in relation to bullion and precious stones shall be verified with the reference standard. Experience of the working of the Act has shown that it is neither necessary nor possible to provide special working standards for bullions and precious stones and also to verify such measures. Therefore the provision relating to special sets of working standards in relation to bullion and precious stones may be dropped.

Then under Section 7 of the Act what has been prohibited is the use of weights and measures other than standard weights and measures. Experience has shown that it is necessary to penalise not only the use, but possession of non standard weights and measures in premises, where the transactions for trade or commerce are usually conducted. Section 7 is now sought to be amended to include possession of non-standard weights and measures in such premises.

LIBRARY ARCHIVES Kerala Legislative Assembly